# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025 –ലെ യോഗത്തിന്റെ മിനിറ്റ്സ്


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1. | പദ്ധതി പുരോഗതി അവലോകനം | 3 |
| 2. | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 13.08.2024, 16.10.2024, 05.12.2024, 30.01.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023ന് കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| 3.2 | ആംബുലൻസ് | 4 |
| 2.2 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024ന് കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 9 |
| 3.2 | അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം | 9 |
| 3.5 | ജലസ്രോതസ്സുകളുടെ പരിപാലനം | 10 |
| 2.3 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024ന് കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 11 |
| 3.2 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് | 11 |
| 4.2 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 11 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024ന് കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 12 |
| 3.5 | ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം | 12 |
| 4.15 | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 13 |
| 4.16 | കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – മലപ്പുറം ജില്ലാ കമ്മിറ്റി | 13 |
| 4.19 | ആരോഗ്യ വകുപ്പ് | 14 |
| 4.23 | പുറമേരി ഗ്രാമപഞ്ചായത്ത് | 14 |
| 2.5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 15 |
| 3.1 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 15 |
| 4.10 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 16 |
| 4.21 | വാഴയൂർ ഗ്രാമപഞ്ചായത്ത് | 16 |
| 4.38 | കൊണ്ടോട്ടി നഗരസഭ | 17 |
| 3. | പൊതുവിഷയം | 17 |
| 3.1 | ലഹരിക്കെതിരെയുള്ള കാമ്പയിൻ | 17 |
| 3.2 | കേന്ദ്രാവിഷ്കൃത പദ്ധതി | 18 |
| 3.3 | ഇലക്ട്രിക് സ്കൂട്ടർ | 18 |
| 3.4 | വാഹനം വാങ്ങൽ | 18 |
| 3.5 | കാട്ടുപന്നിയുടെ ആക്രമണം നിയന്ത്രിക്കൽ | 19 |
| 4 | **പ്രത്യേക വിഷയം** | 19 |
| 4.1 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 19 |
| 4.2 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | 20 |
| 4.3 | കവിയൂർ ഗ്രാമപഞ്ചായത്ത് | 21 |
| 4.4 | പൊന്നാനി മുനിസിപ്പാലിറ്റി | 22 |
| 4.5 | വനത്തോട് ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ് , കിടങ്ങ് നിർമ്മാണം | 22 |
| 4.6 | Kerala Development And Innovation Strategic Council ( K-Disc) | 23 |
| 4.7 | Kerala Development And Innovation Strategic Council ( K-Disc) | 25 |
| 4.8 | കവളങ്ങാട് ഗ്രാമപഞ്ചായത്ത് | 25 |

| | | |
|---|---|---|
| 4.9 | തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 26 |
| 4.10 | എരുമേലി ഗ്രാമപഞ്ചായത്ത് | 27 |
| 4.11 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | 27 |
| 4.12 | ദേവികുളം ഗ്രാമപഞ്ചായത്ത് | 28 |
| 4.13 | ദേവികുളം ഗ്രാമപഞ്ചായത്ത് | 28 |
| 4.14 | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 29 |
| 4.15 | ചിറക്കടവ് ഗ്രാമപഞ്ചായത്ത് | 30 |
| 4.16 | ചങ്ങനാശ്ശേരി നഗരസഭ | 30 |
| 4.17 | അരൂർ ഗ്രാമപഞ്ചായത്ത് | 31 |
| 4.18 | വയനാട് ജില്ലാ പഞ്ചായത്ത് | 31 |
| 4.19 | വയനാട് ജില്ലാ പഞ്ചായത്ത് | 32 |
| 4.20 | ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | 33 |
| 4.21 | പൊന്മള ഗ്രാമപഞ്ചായത്ത് | 33 |
| 4.22 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 34 |
| 4.23 | മുണ്ടേരി ഗ്രാമപഞ്ചായത്ത് | 34 |
| 4.24 | കൊടകര ബ്ലോക്ക് പഞ്ചായത്ത് | 35 |
| 4.25 | പുലാമാന്തോൾ ഗ്രാമപഞ്ചായത്ത് | 36 |
| 4.26 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 36 |
| 4.27 | ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്ത് | 37 |
| 4.28 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 37 |
| 4.29 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 38 |
| 4.30 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 38 |
| 4.31 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 39 |
| 4.32 | എറണാകുളം ജില്ലാ പഞ്ചായത്ത് | 40 |
| 4.33 | കുടുംബശ്രീ | 40 |
| 4.34 | മുക്കം നഗരസഭ | 42 |
| 4.35 | നീണ്ടൂർ ഗ്രാമപഞ്ചായത്ത് | 43 |
| 4.36 | ഇളമാട് ഗ്രാമപഞ്ചായത്ത് | 43 |
| 4.37 | ബാലരാമപുരം ഗ്രാമപഞ്ചായത്ത് | 44 |
| 4.38 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 44 |
| 4.39 | നന്മണ്ട ഗ്രാമപഞ്ചായത്ത് | 45 |
| 4.40 | ദേലംപാടി ഗ്രാമപഞ്ചായത്ത് | 45 |
| 4.41 | പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് | 46 |
| 4.42 | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 47 |
| 4.43 | ആരക്കുഴ ഗ്രാമപഞ്ചായത്ത് | 47 |

No./400/2024/SRG/LSGD/CC(7)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ൽ നടന്ന യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 10.00 മണിക്ക് സെക്രട്ടേറിയറ്റിലെ അനകസ് II വിലെ 'നവകൈരളി' ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. പദ്ധതി പുരോഗതി അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 25.03.2024 വരെയുള്ള ആകെ പദ്ധതി ചെലവ് 69.02 ശതമാനമാണ്. ട്രഷറിയിൽ സമർപ്പിച്ചിരിക്കുന്ന ബില്ലുകൾ കൂടി ചേർത്താൽ 79.55 ശതമാനമാണ് പദ്ധതി ചെലവ്. ആകെ 807.70 കോടി രൂപയുടെ പെന്റിംഗ് ബിൽ ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ പെന്റിംഗ് ബിൽ തുക 1391.72 കോടി രൂപയാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വർഷത്തെ പദ്ധതി പുരോഗതി (ശതമാനം)**

**(25.03.2025 വരെ)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | | Total |
|---|---|---|---|---|---|---|---|
| | | | | | അൺ ടൈഡ് | ടൈഡ് | |
| 1 | ഗ്രാമ പഞ്ചായത്ത് | 83.96 | 73.46 | 72.21 | 60.88 | 48.87 | 74.65 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 75.98 | 65.12 | 62.92 | 63.41 | 56.18 | 69.25 |
| 3 | ജില്ലാ പഞ്ചായത്ത് | 67.25 | 55.85 | 62.33 | 60.84 | 49.63 | 61.52 |
| 4 | മുനിസിപ്പാലിറ്റി | 76.54 | 62.32 | 66.89 | 62.09 | 53.40 | 65.95 |
| 5 | കോർപ്പറേഷൻ | 67.67 | 55.00 | 9.64 | -- | 31.56 | 55.94 |
| 6 | ആകെ | 78.14 | 66.80 | 67.14 | 61.44 | 47.09 | 69.02 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | | | | |
|---|---|---|---|---|---|
| 1 | മലപ്പുറം | 74.89 | 8 | പാലക്കാട് | 68.52 |
| 2 | ആലപ്പുഴ | 74.70 | 9 | തിരുവനന്തപുരം | 68.36 |
| 3 | കാസർഗോഡ് | 72.01 | 10 | എറണാകുളം | 67.92 |
| 4 | കോട്ടയം | 71.81 | 11 | കോഴിക്കോട് | 66.35 |
| 5 | തൃശ്ശൂർ | 70.73 | 12 | വയനാട് | 64.46 |
| 6 | കൊല്ലം | 69.89 | 13 | പത്തനംതിട്ട | 63.34 |
| 7 | കണ്ണൂർ | 68.58 | 14 | ഇടുക്കി | 59.04 |

**ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള ചെലവ് (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | റ്റൈഡ് | അൺ റ്റൈഡ് | Total |
|---|---|---|---|---|---|
| 78.14 | 66.80 | 67.14 | 47.09 | 61.44 | 69.02 |

**മുൻ വർഷങ്ങളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ചെലവ് (ശതമാനം)**

| വർഷം | മുൻവർഷം 2024 | |
|---|---|---|
| | ഫെബ്രുവരി | മാർച്ച് |
| 2014-15 | 39.89 | 68.21 |
| 2015-16 | 37.78 | 73.61 |
| 2016-17 | 29.51 | 67.08 |
| 2017-18 | 54.38 | 85.44 |
| 2018-19 | 64.02 | 84.66 |
| 2019-20 | 46.17 | 54.13 |
| 2020-21 | 62.11 | 95.17 |
| 2021-22 | 56.23 | 88.07 |
| 2022-23 | 46.84 | 85.28 |
| 2023-24 | 39.18 | 71.52 |
| 2024-25 | | 69.02 (As on March 25.03.2025) |

## 2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 13.08.2024, 16.10.2024, 05.12.2024, 30.01.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 3.2**

**ആംബുലൻസ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ (ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന്ന നൽകിയ റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന്ന കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

<u>04.01.2024 ലെ തീരുമാനം:-</u> ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

<u>13.08.2024-ൽ നൽകിയ റിപ്പോർട്ട്:</u> ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

അതിനാൽ സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് ട്രാൻസ്സ്പോർട്ട് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് 16.10.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകി.

<u>16.10.2024-ൽ നൽകിയ റിപ്പോർട്ട്:-</u> കേരളത്തിൽ ആകെ 9883 ആംബുലൻസാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിൽ വാഹൻ പോർട്ടൽ റിപ്പോർട്ട് പ്രകാരം 6507 വാഹനങ്ങൾക്കു മാത്രമേ Certificate of Fitness ഉള്ളൂ. ഈ വാഹനങ്ങൾക്കു മാത്രമേ നിരത്തിൽ ഇറങ്ങാൻ കഴിയൂ.

<u>16.10.2024-ലെ തീരുമാനം:-</u> ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ 04.01.2024 ന് നൽകിയ ലിസ്റ്റും മുകളിൽ പറഞ്ഞ ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>30.01.2025 ന് നൽകിയ റിപ്പോർട്ട് :-</u> ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ വകുപ്പും മോട്ടോർ വെഹിക്കിൾ വകുപ്പും റിപ്പോർട്ട് നൽകിയെങ്കിലും ഇവയിൽ സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രണമുള്ളത് (പബ്ലിക്) എത്രയാണ്, സ്വകാര്യ ഉടമസ്ഥതയിൽ എത്രയാണ് എന്ന് തരംതിരിക്കാൻ കഴിയില്ല. വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരങ്ങൾ ആണ് ലഭിച്ചത്. ദേശീയ മാനദണ്ഡമനുസരിച്ച് ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു BLS ആംബുലൻസും ഓരോ 5.00 ലക്ഷം ജനസംഖ്യയ്ക്കും ഒരു ALS ആംബുലൻസും വേണം.

## Number of Ambulance Registered under RTO

**Table I**

| District | No of LSGIs (GP, Municipality, Corporation) | No. of Ambulances Registered under RTO | Avg. No of Ambulances Per LSGIs (considering that the registered vehicles are available in the district) | 2023 Projected population of the district (During 2023) | Population lakhs | No of ambulances per lakh population ( column 3/6) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| TVM | 78 | 1771 | 23 | 34,29,192 | 34 | 52 |
| KLM | 73 | 688 | 9 | 27,37,364 | 27 | 25 |
| PTA | 57 | 407 | 7 | 12,43,752 | 12 | 33 |
| ALP | 78 | 477 | 6 | 22,10,134 | 22 | 22 |
| KTM | 77 | 595 | 8 | 20,50,966 | 21 | 29 |
| IDK | 54 | 327 | 6 | 11,57,891 | 12 | 28 |
| EKM | 96 | 1189 | 12 | 34,09,416 | 34 | 35 |
| TSR | 94 | 824 | 9 | 32,41,990 | 32 | 25 |
| PKD | 95 | 550 | 6 | 29,18,678 | 29 | 19 |
| MPM | 106 | 738 | 7 | 42,72,090 | 43 | 17 |
| KKD | 78 | 835 | 11 | 32,05,733 | 32 | 26 |
| WND | 26 | 220 | 8 | 8,49,054 | 8 | 26 |
| KNR | 81 | 507 | 6 | 26,20,643 | 26 | 19 |
| KSD | 41 | 207 | 5 | 13,57,970 | 14 | 15 |
| TOTAL | **1034** | **9335** | **9** | **3,46,98,873** | **346** | **27** |

Table II

Total Ambulance Owned by DHS, DME, 108 and LSGIs

| Total Ambulances | | | | | LSGIs | Total |
|---|---|---|---|---|---|---|
| Dist | Population lakhs | DHS | DME | 108 | | |
| TVM | 34 | 58 | 7 | 28 | 41 | 134 |
| KLM | 27 | 42 | 2 | 21 | 19 | 84 |
| PTA | 12 | 47 | 1 | 15 | 7 | 70 |
| ALP | 22 | 28 | 4 | 18 | 10 | 60 |
| KTM | 21 | 20 | 8 | 17 | 41 | 86 |
| IDK | 12 | 31 | 3 | 15 | 16 | 65 |
| EKM | 34 | 47 | 4 | 32 | 56 | 139 |
| TSR | 32 | 21 | 6 | 32 | 34 | 93 |
| PKD | 29 | 30 | 0 | 28 | 25 | 83 |
| MPM | 43 | 19 | 3 | 32 | 7 | 61 |
| KKD | 32 | 18 | 2 | 31 | 19 | 70 |
| WND | 8 | 25 | 0 | 11 | 8 | 44 |
| KNR | 26 | 28 | 4 | 21 | 10 | 63 |
| KSD | 14 | 14 | 0 | 14 | 11 | 39 |
| **TOTAL** | **347** | **428** | **44** | **315** | **304** | **1091** |

## Table III

Number of Ambulance owned by DHS, DME,108 (Type wise)

| | ALS | | | | | BLS | | | | | | PTV | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Dist | DHS | DME | 108 | Total | No of ALS ambulance needed as per norms-(One ALS for 5 lakh) | Population lakhs | DHS | DME | 108 | Total | No of BLS ambulance needed as per norms-(One BLS for 1 lakh) | DHS | DME | 108 | Total |
| TVM | 4 | | 0 | 4 | 6.8 | 34 | 14 | | 28 | 42 | 34 | 44 | | 0 | 44 |
| KLM | 4 | | 0 | 4 | 5.4 | 27 | 35 | | 21 | 56 | 27 | 3 | | 0 | 3 |
| PTA | 2 | | 0 | 2 | 2.4 | 12 | 43 | | 15 | 58 | 12 | 2 | | 0 | 2 |
| ALP | 3 | | 0 | 3 | 4.4 | 22 | 7 | | 18 | 25 | 22 | 18 | | 0 | 18 |
| KTM | 0 | | 0 | 0 | 4.2 | 21 | 2 | | 17 | 19 | 21 | 18 | | 0 | 18 |
| IDK | 3 | | 0 | 3 | 2.4 | 12 | 7 | | 15 | 22 | 12 | 21 | | 0 | 21 |
| EKM | 3 | | 0 | 3 | 6.8 | 34 | 11 | | 32 | 43 | 34 | 33 | | 0 | 33 |
| TSR | 1 | | 0 | 1 | 6.4 | 32 | 3 | | 32 | 35 | 32 | 17 | | 0 | 17 |
| PKD | 2 | | 0 | 2 | 5.8 | 29 | 28 | | 28 | 56 | 29 | 0 | | 0 | 0 |
| MPM | 1 | | 0 | 1 | 8.6 | 43 | 6 | | 32 | 38 | 43 | 12 | | 0 | 12 |
| KKD | 1 | | 0 | 1 | 6.4 | 32 | 2 | | 31 | 33 | 32 | 15 | | 0 | 15 |
| WND | 4 | | 0 | 4 | 1.6 | 8 | 11 | | 11 | 22 | 8 | 10 | | 0 | 10 |
| KNR | 2 | | 0 | 2 | 5.2 | 26 | 2 | | 21 | 23 | 26 | 24 | | 0 | 24 |
| KSD | 0 | | 0 | 0 | 2.8 | 14 | 4 | | 14 | 18 | 14 | 10 | | 0 | 10 |
| **TOTAL** | **30** | | **0** | **30** | **69.4** | **347** | **175** | | **315** | **490** | **347** | **227** | | **0** | **227** |

## Table IV

| HEALTH SERVICES VEHICLE PURCHASED WITH VARIOUS GOVERNMENT FUNDS | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl. No | District | Govt.Fund | MP Fund | MLA Fund | LSGIs Fund | Donation/CSR | Other Fund | Total |
| 1 | Trivandrum | 50 | 35 | 26 | 65 | 3 | 0 | 179 |
| 2 | Kollam | 16 | 28 | 16 | 2 | 2 | 0 | 64 |
| 3 | Pathanamthitta | 13 | 29 | 12 | 12 | 2 | 0 | 68 |
| 4 | Alappuzha | 17 | 16 | 8 | 2 | 2 | 0 | 45 |
| 5 | Kottayam | 15 | 15 | 6 | 2 | 5 | 0 | 43 |
| 6 | Idukki | 12 | 13 | 17 | 3 | 3 | 0 | 48 |
| 7 | Eranakulam | 21 | 25 | 21 | 24 | 40 | 0 | 131 |
| 8 | Thrissur | 25 | 8 | 6 | 3 | 11 | 0 | 53 |
| 9 | Palakkad | 23 | 13 | 11 | 0 | 11 | 0 | 58 |
| 10 | Malappuram | 28 | 12 | 1 | 0 | 2 | 0 | 43 |
| 11 | Kozhikode | 17 | 22 | 27 | 1 | 6 | 1 | 74 |
| 12 | Wayanad | 19 | 15 | 12 | 6 | 13 | 0 | 65 |
| 13 | Kannur | 28 | 10 | 9 | 2 | 12 | 0 | 61 |
| 14 | Kasaragod | 21 | 3 | 4 | 3 | 1 | 0 | 32 |
| | **Total** | **305** | **244** | **176** | **125** | **113** | **1** | **964** |

30.01.2025 ലെതീരുമാനം:-

ദേശീയ മാനദണ്ഡമനുസരിച്ച് ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒരു BLS ആംബുലൻസും അഞ്ചു ലക്ഷം ജനസംഖ്യയ്ക്ക് ഒരു ALS ആംബുലൻസും ആണ് വേണ്ടത്. രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമനുസരിച്ച് സ്വകാര്യ മേഖലയും കൂടി ചേർത്ത് എല്ലാ ജില്ലകളിലും BLS ആംബുലൻസ് ആവശ്യത്തിലധികമുണ്ട് എന്ന് യോഗം വിലയിരുത്തി.

1) DHS, DME, 108, LSGIs എന്നീ ഏജൻസികളുടെ കൈവശം ആകെ 1091 ആംബുലൻസുകളുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 347 BLS ആംബുലൻസാണ് വേണ്ടത്. DHS, DME, 108 എന്നീ ഏജൻസികളുടെ ഉടമസ്ഥതയിൽ മാത്രമായി (LSGIs ഒഴികെ) 490 BLS ആംബുലൻസുകളുമുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 69 ALS ആംബുലൻസ് വേണം. എന്നാൽ ലഭ്യമായ കണക്കനുസരിച്ച് DHS ന്റെ കൈവശമായി 30 ആംബുലൻസുകൾ മാത്രമാണ് ഉള്ളത്. അടിയന്തിര ജീവൻ രക്ഷയ്ക്ക് ALS അംബുലൻസ് വളരെ സഹായകരം ആയതിനാൽ ALS ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംയുക്ത പ്രോജക്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം വാങ്ങുന്നതാണ് അഭികാമ്യം.
2) DHS, DME, 108, LSGIയുടെ ഉടമസ്ഥതയിലുള്ള ആകെ അംബുലൻസുകൾ 1091 ആണ്. ആകെ രജിസ്റ്റർ ചെയ്തതിൽ ബാക്കിയുള്ള 8244 (9335 – 1091) എണ്ണം സ്വകാര്യ മേഖലയിലാണെന്നത് യോഗം വിലയിരുത്തി. എന്നാൽ ഇവയിൽ നല്ലൊരു ശതമാനം കാലപ്പഴക്കത്താൽ ഇപ്പോൾ സർവ്വീസിലുള്ളതാകാൻ വഴിയില്ല. അതിനാൽ കഴിഞ്ഞ 15 വർഷത്തിനകം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമെടുത്താലേ ശരിയായ വിവരം ലഭിക്കൂ. ഈ സാഹചര്യത്തിൽ കഴിഞ്ഞ 15 വർഷം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരം ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ചു. ഇതിനായി തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇവ കൂടി ശേഖരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം.
3) മുകളിൽ പറഞ്ഞ കണക്ക് രജിസ്റ്റർ ചെയ്ത ആംബുലൻസിന്റെ എണ്ണമനുസരിച്ചാണ്. എങ്കിലും BLS ആംബുലൻസിന്റെ കുറവില്ല എന്ന് യോഗം വിലയിരുത്തി. MPLAD, MLASDF, CSR എന്നീ മാർഗ്ഗത്തിലൂടെ ആംബുലൻസ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആംബുലൻസ് വാങ്ങേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പാലിയേറ്റീവ് ആവശ്യത്തിന് വാഹനം വാങ്ങാവുന്നതാണ്. ഏതെങ്കിലും ഗ്രാമപഞ്ചായത്തിലോ നഗരസഭയിലോ അടിയന്തിരമായി ആംബുലൻസ് സേവനം ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്രർ, മുൻഗണനാ റേഷൻ കാർഡുള്ള SC/ST വിഭാഗക്കാർക്ക്) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

മുകളിൽ ക്രമനമ്പർ 2 പ്രകാരമുള്ള നടപടി റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)ആരോഗ്യവകുപ്പ്, ഡയറക്ടർ<br>3)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

## 2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.2 ഖണ്ഡിക 3.2**

**അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം**

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടനം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ (13.08.2024-ലെ) യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ്, ഡി.പി. ഡിവിഷൻ, SPB<br>2) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**2.2 ഖണ്ഡിക 3.5**

**ജലസ്രോതസ്സുകളുടെ പരിപാലനം**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

30.01.2025 ന നൽകിയ റിപ്പോർട്ട്:- കുടിവെള്ളത്തിലൂടെയും മലിനജലത്തിലൂടെയും ഭക്ഷ്യ ശൃംഖലയിലൂടെയും ആരോഗ്യ പ്രശനങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളും മറ്റു വിഷാംശങ്ങളും മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് ദൂഷ്യഫലങ്ങൾക്ക് കാരണമാകുന്നു. ജല മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള താഴെപ്പറയുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും അവയുടെ ഭേദഗതികളും പരിഗണിക്കേണ്ടതുണ്ട്.

1.Water (Prevention and Control of Pollution) Act, 1974

2. Water (Prevention and Control of Pollution) Cess Act, 1977

3. Environment (Protection) Act, 1986

4. Food Safety and Standards Act, 2006

5. Kerala Public Health Act,2023

6. Kerala Panchayat Raj Act, 1994

7. Kerala Municipality Act, 1994

കേരള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഖണ്ഡികകൾ ബാധകമാക്കാവുന്നതാണ്.

| | |
|---|---|
| Kerala Public Health Act 2023 | a) Sections 15, 16 & 17 മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ<br>b) Sections 18(5), 18(6), 18(7), 19, 20 – ശുചിത്വ സൗകര്യങ്ങൾ<br>c) Section 21 to 26 വരെ. 'Nuisance' (ശല്യം ഒഴിവാക്കൽ)<br>d) Section 39 & 49 – പ്രതിരോധ നടപടികൾ ഏറ്റെടുക്കുന്നതിനും പരിശോധന നടത്തുന്നതിനും പ്രവേശനത്തിനുമുള്ള അധികാരം<br>e) Section 58 സാമൂഹിക ഒത്തു കൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും<br>f) Section 59 – ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം. |

ഈ നിയമങ്ങളും അവയുടെ ഭേദഗതികളും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകളും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന വകുപ്പുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്.

1. തദ്ദേശസ്വയംഭരണ വകുപ്പ്
2. പരിസ്ഥിതി വകുപ്പ്
3. മലിനീകരണ നിയന്ത്രണബോർഡ്
4. കേരള ജല അതോറിറ്റി
5. ഭൂജല വകുപ്പ്
6. ജലനിധി
7. ജലസേചന വകുപ്പ്
8. ഭക്ഷ്യസുരക്ഷാ വകുപ്പ്
9. വ്യവസായ വകുപ്പ്
10. കൃഷി വകുപ്പ്
11. ജല വിഭവ വകസന വിനിയോഗ കേന്ദ്രം ( CWRDM)
12. കേന്ദ്ര ഭൂജല ബോർഡ്, കേരള റീജിയണൽ ഡയറക്ടറേറ്റ്
13. ആരോഗ്യ വകുപ്പ്
14. നിയമവകുപ്പ്

ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകളും ഉൾപ്പെടുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി മേൽ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഒരു സംയുക്ത ശില്പശാല സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

30.01.2025 ലെ തീരുമാനം :- ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതുപോലെ മുകളിൽ പറഞ്ഞ വകുപ്പുകളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരം ശില്പശാല നടത്താൻ തീരുമാനിച്ചു. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ആരോഗ്യവകുപ്പ് ഡയറക്ടറും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.3 ഖണ്ഡിക 3.2

### സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്ന് ഒരു ജൂനിയർ സൂപ്രണ്ടിനേയും ഒരു സീനിയർ ക്ലാർക്കിനെയും എസ്.ആർ.ജി. ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. 20.10.2021ൽ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചപ്പോൾ ഇവരെ രണ്ടുപേരെയും എസ്.ആർ.ജി.യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ സർക്കാർ ഉത്തരവായിരുന്നു.

ഇപ്പോൾ രണ്ടു പോസ്റ്റും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗ്ദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സഹായിക്കുന്നതിനായി ഒരു ക്ലർക്കിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എസ്.ആർ.ജി. ഓഫീസിൽ അടിയന്തിരമായി നിയമിക്കാൻ തീരുമാനിച്ചു. ഈ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 2.3 ഖണ്ഡിക 4.2

### പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ SC - 1/995/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/789/24) (തദ്ദേശ അദാലത്ത്)

വിഷയം:- ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

ലൈഫ് 2020 പദ്ധതിയിൽ 112 കുടുംബങ്ങളും ലൈഫ് ഫേസ് III ൽ 30 കുടുംബങ്ങളും ഉൾപ്പെടെ 142 പേർ ഭൂരഹിത ഭവന ലിസ്റ്റിൽ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 42 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകിയിരുന്നു. എന്നാൽ റോഡിന് മതിയായ വീതി ഇല്ലാത്തതിനാൽ അഗ്നിരക്ഷാസേനയുടെ NOC ലഭിച്ചില്ല. റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ ഭവനസമുച്ചയത്തിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 സെന്റ് സ്ഥലം കൂടി ലൈഫ് മിഷന് നൽകാൻ ഗ്രാമപഞ്ചായത്ത് 21.01.2024 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം 02.02.2024-ൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നുമായില്ല. അതിനാൽ

കാലതാമസമൊഴിവാക്കി ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

16.10.2024-ലെ തീരുമാനം:-ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുമ്പോൾ ഉള്ള യൂണിറ്റ് ചെലവ് എത്രയാണ്, എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നത്, എത്ര സ്ഥലം ആവശ്യമായി വരും, ഇതിനായി CSR/സംഭാവന ലഭിക്കാൻ സാധ്യതയുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

05.12.2024-ന്ന നൽകിയ റിപ്പോർട്ട്:- മൂന്ന് നിലകളിലായി 12 യൂണിറ്റുകൾ അടങ്ങിയ 3 കെട്ടിടവും 2 നിലകളിലായി 8 യൂണിറ്റ് അടങ്ങിയ ഒരു കെട്ടിടവും ഉൾപ്പെടെ ആകെ 44 കുടുംബങ്ങൾക്കാണ് ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിയുടെ കെട്ടിട നിർമ്മാണത്തിന് ആകെ 6.86 കോടി രൂപ ചെലവ് വരും. ഇതുപ്രകാരം ക്ലസ്റ്റർ ഹോം നിർമ്മിക്കുമ്പോൾ ഒരു യൂണിറ്റിന് വേണ്ടിവരുന്ന ചെലവ് 15.58 ലക്ഷം രൂപയാണ്. ഈ പദ്ധതിയ്ക്ക് അനുബന്ധമായി വേണ്ടിവരുന്ന നിർമ്മാണ പ്രവൃത്തികളായ റോഡ്, മറ്റ് External Service Works, STP Land Development ജോലികൾ എന്നിവയ്ക്ക് വേണ്ടത് 88 ലക്ഷം രൂപയാണ്. ഇതു കൂടി ഉൾപ്പെടുത്തുമ്പോൾ ആകെ ഒരു യൂണിറ്റിന് 17.58 ലക്ഷം രൂപ ചെലവ് വരും. സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം ഒരു യൂണിറ്റിന്റെ വിസ്തീർണ്ണം 47.62 ചതുരശ്ര മീറ്റർ ആണ് (512.10 സ്ക്വയർ ഫീറ്റ്). പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 64 സെന്റ് സ്ഥലം ലഭ്യമാണ്.

പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ പ്രീ-ഫാബ് മാതൃകയിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 616 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ തുകയും അടിസ്ഥാന സൗകര്യത്തിനാവശ്യമായ 88.00 ലക്ഷം രൂപയും 2024-25 വർഷം 4515 - 00-102 - 41 എന്ന റൂറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കാൻ കഴിയുമെന്ന് 11.11.2024-ൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ഭവനസമുച്ചയ നിർമ്മാണത്തിനായി സി.എസ്.ആർ/സംഭാവന ലഭിക്കുവാനുള്ള സാദ്ധ്യത വളരെക്കുറവാണ്.

05.12.2024-ലെ തീരുമാനം:- ഒരു വീടിന്റെ നിർമ്മാണ ചെലവ് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് ചെലവ് എന്നതിനാൽ ലഭ്യമായ 64 സെന്റ് സ്ഥലം ഓരോ കുടുംബത്തിനും 3 സെന്റ് വീതം നൽകി വീടിന് ധനസഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്. ശേഷിക്കുന്നവർക്ക് സ്ഥലം വാങ്ങി നൽകി വീട് വയ്ക്കുന്നതിന്റെ സാധ്യതയും പരിഗണിക്കാവുന്നതാണ്. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2) ചീഫ് എഞ്ചിനീയർ. തദ്ദേശസ്വയംഭരണ വകുപ്പ്<br>3)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12 .2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.4 ഖണ്ഡിക 3.5**

**ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കളും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അതിദരിദ്ര കുടുംബങ്ങളിലെ ലിസ്റ്റിലുള്ള ചില ഗുണഭോക്താക്കളും ഏകാംഗ കുടുംബമായിട്ടുള്ളവരാണ്. ഇവർക്ക് ഭവന നിർമ്മാണത്തിനു ധനസഹായം നൽകുമ്പോൾ പിന്തുടർച്ചാവകാശികൾ ഇല്ലാത്ത സാഹചര്യം വരുന്നുണ്ട്. ഇത്തരം ഏകാംഗ കുടുംബങ്ങളുടെ കാലശേഷം സ്ഥലത്തിന്റെയും വീടിന്റെയും ഉടമസ്ഥതയ്ക്ക് പിന്തുടർച്ചാവകാശികൾ ഇല്ലായെങ്കിൽ ഇത് തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്തുകൊണ്ട് വീടിന് അർഹതയുള്ള മറ്റുള്ളവർക്ക് നൽകുന്നത് സമൂഹത്തിന് ഗുണം ചെയ്യും. ഇതടക്കമുള്ള സാധ്യതയും നിയമവശങ്ങളും പരിശോധിച്ച് ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയേയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്<br>2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>3) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |

**2.4 ഖണ്ഡിക 4.15**

**ഉള്ളിയേരി ഗ്രാമപഞ്ചായത്ത്**

_ബഹു.വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രിയുടെ 24.09.2024-ലെ കത്തും ശ്രീ.ഭാസ്കരൻ കിടാവ്, പാലോട്ട് ഹൗസ്. മുടക്കല്ലൂർ. പി.ഒ, അത്തോളിയുടെ കത്തും ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും കത്തും (SRG/932/24)

വിഷയം:- കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDF - പദ്ധതിയിൽ ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്നതു സംബന്ധിച്ച്

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDFൽ നിന്ന് 5.00 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചിരുന്നു. ശ്രീ. ഭാസ്കരൻ കിടാവ് എന്ന വ്യക്തി കൺവീനറായി പ്രവൃത്തി ആരംഭിക്കുകയും വയൽ പ്രദേശത്ത് മണ്ണിട്ടുകയും തെങ്ങ് തടികൊണ്ടുള്ള പൈലിംഗ് നടത്തുകയും ചെയ്തു. ഫണ്ടിന്റെ കുറവു മൂലം വയൽ പ്രദേശത്തെ പൈലിംഗ് പ്രവൃത്തി നിർത്തി വച്ചു. കോക്കനട്ട് പൈലിംഗ് എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ ബിൽ തയ്യാറാക്കിയില്ല. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. കുന്നത്തറ സാംസ്കാരിക നിലയത്തിന് ജില്ലാ പഞ്ചായത്ത് 55.00 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. MLASDF പ്രകാരം ചെയ്ത പ്രവൃത്തിയുടെ എഗ്രിമെന്റ് ഫയൽ ഇപ്പോൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയാൽ വയൽ പ്രദേശത്ത് മണ്ണടിച്ചതടക്കമുള്ള പ്രവൃത്തികളുടെ അളവെടുക്കാൻ കഴിയില്ല. അതിനാൽ മുൻപ് ചെയ്ത പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് അർഹമായ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്. സർക്കാർ അനുമതി നൽകിയാൽ വാല്യുവേഷൻ പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

05.12.2024-ലെ തീരുമാനം:-MLASDF ൽ ചെയ്ത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായും ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.4 ഖണ്ഡിക 4.16**

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി**

ബഹു. വേങ്ങര എം.എൽ.എ.യുടെ 19.07.2024 ലെ 114/MLA/Vengara/2024 -ാം നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ 21.06.2024-ലെ കത്തും അനുബന്ധരേഖകളും (SRG/626/2024)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

ആരോഗ്യവകുപ്പ് നിയമിച്ചിരിക്കുന്ന ഡോക്ടർമാർക്ക് പുറമെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും (FHC&PHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഡോക്ടറെ നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇപ്രകാരം നിയമിക്കപ്പെടേണ്ട ഡോക്ടർമാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടത് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ആയിരിക്കണമെന്നും സർക്കാർ ഉത്തരവുണ്ട്. ഇപ്രകാരം ഡോക്ടറെ നിയമിക്കുമ്പോൾ ഡോക്ടറെ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നും പ്രാദേശികമായി ഡോക്ടറെ ലഭ്യമാകാതിരിക്കുകയും ചെയ്യുമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി നിശ്ചയിക്കുന്ന സബ്കമ്മിറ്റിയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും ഉൾക്കൊള്ളുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച് .

05.12.2024-ലെ തീരുമാനം:-മലപ്പുറം, കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഡോക്ടർമാരെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നു എന്നതും സുതാര്യമായ രീതിയിൽ ജില്ലാ തലത്തിൽ ഡോക്ടർമാരുടെ ഒരു പൂൾ തയ്യാറാക്കാനുമാണ് ഇപ്രകാരമൊരു രീതി കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം എടുത്തത് എന്ന് യോഗം വിലയിരുത്തി. എങ്കിലും മുകളിൽ പറഞ്ഞ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.19**

**ആരോഗ്യവകുപ്പ്**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.07.2024-ലെ PLB4 -4283/2024/ആ.വ.ഡ. നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ലിസ്റ്റും (SRG/ 715/24) - LSGD/DA1/296/2024- LSGD)

വിഷയം:- PHC അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്

കുടുംബാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞുള്ള ഒ.പി.യുടെ പ്രവർത്തനത്തിന് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ഡയറക്ടർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ലെ യോഗ തീരുമാന പ്രകാരം ഇതിന്മേൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് FHC/PHC കളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ്, CHC കളിൽ 2 ഡോക്ടർ, 2 പാരാമെഡിക്കൽ സ്റ്റാഫ്, താലൂക്കാശുപത്രികളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ് എന്ന നിലയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്നത്. അധികമായി സ്റ്റാഫിനെ നിയമിക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും സംസ്ഥാനത്ത് ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം പരിഗണിച്ച് തീരുമാനമെടുക്കുമെന്നറിയിച്ചിരുന്നു.

എന്നാൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 5 ജില്ലകളിലായി 278 ആരോഗ്യ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികമായി ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് നിയമിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് ആരോഗ്യവകുപ്പ് കത്ത് നൽകിയിരിക്കുന്നത്. സ്ഥാപനങ്ങളുടെ ലിസ്റ്റും ആവശ്യമുള്ള സ്റ്റാഫിന്റെ എണ്ണവും പ്രത്യേകമായി നൽകിയിട്ടുണ്ട്.

05.12.2024-ലെ തീരുമാനം:-ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.23**

**പുറമേരി ഗ്രാമപഞ്ചായത്ത്**

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 - CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 - 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത 'കോണാറിസ്' എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ

ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

05.12.2024– ലെ തീരുമാനം :–ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.5 ഖണ്ഡിക 3.1**

**സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം**

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഉദാ:– ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018–ലെ 100/2018/ധന നമ്പർ ഉത്തരവും 26.05.2022–41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അതത് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നു. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല തുക ലഭിക്കേണ്ട ഗുണഭോക്താവിന് കൃത്യമായി സഹായം/ബിൽ തുക ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഈ രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ തദ്ദേശഭരണ സ്ഥാപനത്തിന് വിഹിതം കൈമാറുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 22.01.2024 എന്നീ തീയതികളിലെ യോഗത്തിൽ വിലയിരുത്തുകയും ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കി നൽകണമെന്നാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളോടാവശ്യപ്പെട്ടിരുന്നത്. 2021–2022 വരെ ഈ രീതിയാണ് തുടർന്നിരുന്നത്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31–ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**2.5 ഖണ്ഡിക 4.10**

**മല്ലപ്പള്ളി ബ്ലോക്ക്  പഞ്ചായത്ത്**

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.11.2024-ലെ 3-ാം നമ്പർ തീരുമാനവും 07.08.2024-ലെ 1-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനവും അനുബന്ധരേഖകളും (SRG/1107/24)

വിഷയം:- ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനു വാങ്ങിയ ഭൂമി ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22-ൽ ലൈഫ് ഭവന പദ്ധതിയിൽ ഫ്ലാറ്റ് സമുച്ചയത്തിനായി 1.25 ഏക്കർ സ്ഥലം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽപറഞ്ഞ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ആനിക്കാട് ഗ്രാമപഞ്ചായത്തിൽ 53, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ 59, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ 42 വീതം ഗുണഭോക്താക്കൾ (ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ) ഉണ്ട്. ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ 'ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് 'ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി' എന്ന് ആധാരത്തിൽ തിരുത്തൽ വരുത്താനും ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിലുള്ള ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്.

30.01.2025 ലെ തീരുമാനം:- ഫ്ലാറ്റ് സമുച്ചയമാണോ വ്യക്തിഗത ഭവനമാണോ ഇവിടെ അനുയോജ്യമെന്നും ഫ്ലാറ്റ് സമുച്ചയമാണെങ്കിൽ സംഭാവന യിലൂടെ അധിക വിഹിതം കണ്ടെത്താൻ കഴിയുമോ എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>3) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.21**

**വാഴയൂർ ഗ്രാമപഞ്ചായത്ത്**

ബഹു.കൊണ്ടോട്ടി എം.എൽ.എ.യുടെ 04.07.2024-ലെ 19/LSGD/2024-ാം നമ്പർ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2024-ലെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024-ലെ 6-ാം നമ്പർ തീരുമാനവും. (SRG/ 671/24, SRG/761/24)

വിഷയം:- വീട് നിർമ്മാണത്തിന് ലഭിച്ച തുകയും പലിശയും ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കുന്നത് സംബന്ധിച്ച്.

വാഴയൂർ ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. സരോജിനി താഴത്തുപുരയ്ക്കൽ എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഈ കുടുംബത്തിന് വീട് നിർമ്മാണത്തിനായി 2015-16-ൽ 2.30 ലക്ഷം രൂപ നൽകിയിരുന്നു. ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി ഈ വ്യക്തിയുടെ സ്ഥലവും വീടും ഏറ്റെടുത്തു. വീട് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 2.30 ലക്ഷം രൂപയും പലിശയിനത്തിൽ 1,69,700 രൂപയും ഹൈവേ അതോറിറ്റി തന്നെ ഗ്രാമപഞ്ചായത്തിന് നൽകി. ആകെ 3,99,700 രൂപ. നഷ്ടപരിഹാര തുകയുടെ ബാക്കി 32,16,905 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കും നൽകി.

വളരെ പാവപ്പെട്ട കുടുംബം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് ഹൈവേ അതോറിറ്റി നൽകിയ തുക ഈ കുടുംബത്തിന് തിരികെ നൽകുകയോ അല്ലെങ്കിൽ പലിശയിനത്തിൽ നൽകിയ തുകയെങ്കിലുമോ തിരികെ നൽകണമെന്നതു സംബന്ധിച്ച്.

30.01.2025 ലെ തീരുമാനം:- ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.38**

**കൊണ്ടോട്ടി നഗരസഭ**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2024-ലെ കത്തും കൊണ്ടോട്ടി നഗരസഭാ സെക്രട്ടറിയുടെ 14.11.2024-ലെ G4(E2) - 5934/22-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 879/24 - CC/411/24)

വിഷയം:- വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.അമാരൻ സുബ്രഹ്മണ്യൻ താമസിക്കുന്ന ഈത്തുംകുഴി ഭാഗം ചെങ്കുത്തായ അപകടാവസ്ഥയിലുള്ള പ്രദേശമാണ്. ഈ ഗുണഭോക്താവ് വീടിന്റെ തറ നിർമ്മാണം പൂർത്തിയാക്കി. വീടിന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന് പരാതി നൽകിയിരുന്നു. എത്രയും പെട്ടെന്ന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 25.03.2022-ൽ ഉത്തരവായിട്ടുണ്ട്. രണ്ടു സൈഡുകളിലായുള്ള സംരക്ഷണഭിത്തി പൊളിച്ച് 40 മീറ്റർ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ആകെ 12.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഈ വ്യക്തിക്ക് 15.5 സെന്റ് സ്ഥലമുണ്ട്. നഗരസഭയുടെ എസ്.സി.പി ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

30.01.2025 ലെ തീരുമാനം :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**3.പൊതുവിഷയം**

**3.1 ലഹരിക്കെതിരെയുള്ള കാമ്പയിൻ**

സംസ്ഥാന സർക്കാർ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന ലഹരിക്കെതിരെയുള്ള കാമ്പയിൻ വളരെ പ്രധാനപ്പെട്ടതാണ്. പോലീസും എക്സൈസ് വകുപ്പും നടപ്പാക്കുന്ന 'വിമുക്തി' പരിപാടിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളും ഇടപെടേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ കൂടി സഹായം തേടി വിമുക്തിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ഒപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ PTA യുടെ കൂടി സഹകരണവും ഉറപ്പാക്കണം. എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ്, അരോഗ്യവകുപ്പ് എന്നിവരുമായി ചേർന്നാണ് പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണ ത്തിൽപ്പെടാത്ത എയ്ഡഡ് സ്ഥാപനങ്ങളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ചും ലഹരിക്കെതിരെയുള്ള കാമ്പയിൻ നടപ്പാക്കാവുന്നതാണ്.

ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ കാമ്പയിന്റെ വിശദമായ മാർഗ്ഗരേഖ ഉടനെ ഇറങ്ങുന്നതാണ്. ഈ മാർഗ്ഗരേഖയനുസരിച്ചാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്ത രീതി ക്രമപ്പെടുത്തേണ്ടത്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 5.00 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് പരമാവധി 7.00 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് പരമാവധി 10.00 ലക്ഷം രൂപയും ഒരു വർഷം ചെലവഴിക്കാവുന്നതാണ്. ഇതിനായി തനത്

ഫണ്ട് ഉപയോഗിക്കണം. തനത് ഫണ്ടില്ലെങ്കിൽ വികസനഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്നതാണ്. ആവശ്യമായ ഘട്ടങ്ങളിൽ ജില്ല പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പങ്കാളിത്തവും പ്രയോജനപ്പെടുത്തേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ എപ്രകാരമാണ് പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതെന്ന് തീരുമാനിക്കുന്നതിന് എസ്.ആർ.ജി. ചെയർമാൻ, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എന്നിവർ പ്രത്യേകമായി യോഗം ചേർന്ന് ശുപാർശ സെക്രട്ടറിതല യോഗത്തിലേയ്ക്ക് നൽകേണ്ടതാണ്. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ് |

## 3.2 കേന്ദ്രാവിഷ്കൃത പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണവും ചെലവും പ്രത്യേകമായി അവലോകനം ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും നടപടി സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് 2)പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ് 3)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

## 3.3 ഇലക്ട്രിക് സ്കൂട്ടർ

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ ഖണ്ഡിക 3.10 പ്രകാരമുള്ള 31.12.2024-ലെ 2589/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇലക്ട്രിക് സ്കൂട്ടർ വാങ്ങാവുന്നതാണ്. സർക്കാർ ഉത്തരവു പ്രകാരമുള്ള സ്പെസിഫിക്കേഷനോടെയുള്ള ഇലക്ട്രിക് സ്കൂട്ടർ GEM പോർട്ടലിൽ ലഭ്യമല്ലായെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ GEM പോർട്ടലിൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ഇലക്ട്രിക് സ്കൂട്ടർ ലഭ്യമല്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ മറ്റ് വാങ്ങാൻ നടപടിക്രമങ്ങൾ പാലിച്ച് ഓപ്പൺ മാർക്കറ്റിൽ നിന്നു ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 3.4 വാഹനം വാങ്ങൽ

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (28.05.2022-ലെ 115/2022/തസ്വഭവ ഖണ്ഡിക 8.2) പ്രകാരം ഓഫീസ് ആവശ്യത്തിന് പ്രതിമാസം പരമാവധി 36,000 രൂപ വരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാം. പ്രതിമാസം പരമാവധി 2000 കിലോ മീറ്റർ ആണ് വാഹനം ഓടാവുന്നത്. ബഡ്സ് സ്കൂൾ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ ആവശ്യത്തിന് ഇതേ നിരക്ക് ബാധകമാണോ എന്ന് വ്യക്തത വരുത്തണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിന്മേൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ അഭിപ്രായം കൂടി തേടി ഇതിന്മേൽ ഇനി പറയും പ്രകാരം തീരുമാനമെടുത്തു.

ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുമ്പോൾ മുകളിൽ പറഞ്ഞ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ബഡ്സ് സ്കൂൾ/ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിലെ കുട്ടികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള വാഹനം നടപടിക്രമങ്ങൾ പാലിച്ച് തദ്ദേശഭരണ

സ്ഥാപനങ്ങൾക്ക് വാടകയ്ക്കെടുക്കാവുന്നതാണ്. ഇപ്രകാരം വാടകയ്ക്കെടുക്കുന്ന വാഹനത്തിന് ഓഫീസ് വാഹനത്തിനായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്ക് ബാധകമല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ ( ഡി.ബി/ ഡി.എ) വകുപ്പ് |

### 3.5 കാട്ടുപന്നിയുടെ ആക്രമണം നിയന്ത്രിക്കൽ

ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ 06.03.2025-ലെ 108/2025/DMD നമ്പർ ഉത്തരവ് പ്രകാരം കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് ഒരെണ്ണത്തിന് 1500 രൂപയും കാട്ടുപന്നികളുടെ ജഡം സംസ്കരിക്കുന്നതിന് 2000 രൂപയും SDRF ൽ നിന്നും നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന ഷൂട്ടർമാരാണ് മൃഗങ്ങളെ വെടിവയ്ക്കേണ്ടത്. ഈ ചെലവ് അതത് ഗ്രാമപഞ്ചായത്ത്/ നഗരസഭ തനത് ഫണ്ടിൽ നിന്നു വഹിക്കണം. തനത് ഫണ്ട് ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്നതാണ്. ഇതിന്മേലുണ്ടാകുന്ന ചെലവ് അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന മുറയ്ക്ക് ഓരോ വർഷവും പരമാവധി 1.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി DDMA ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകുന്നതാണ്. ഇതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ ( ആർ.സി/ഡി.എ) വകുപ്പ് |

## 4.പ്രത്യേക വിഷയം

### 4.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.02.2025-ലെ കത്തും കോഴിക്കോട് ജില്ലാ ആസൂത്രണസമിതിയുടെ 16.08.2024-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/165/25 - CC/93/2025)

വിഷയം:- കോഴിക്കോട് ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന സ്നേഹസ്പർശം പദ്ധതിക്ക് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 372/25 | അടങ്കൽ | 50,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്* | *സ്നേഹ സ്പർശം* | |

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 2012 മുതൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് 'സ്നേഹസ്പർശം'. ഈ പദ്ധതി 2017-18 മുതൽ സർക്കാരിന്റെ അനുമതിയോടെയാണ് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി എന്ന സംഘടനയാണ് ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഡയാലിസിസ് രോഗികൾക്ക് ധനസഹായം, വൃക്ക മാറ്റി വച്ചവർക്ക് സൗജന്യമായി മരുന്ന്, മാനസിക രോഗികൾക്ക് ചികിത്സയും മരുന്നും, എച്ച്.ഐ.വി. ബാധിതർക്ക് കെയർ സെന്റർ, വൃക്കരോഗ- അവയവദാന ബോധവൽക്കരണം, ഏർലി ഡിറ്റക്ഷന് വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഇവയ്ക്ക് പുറമെ സ്വകാര്യ ആശുപത്രിയുമായി സഹകരിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 'ജീവജ്യോതി' എന്ന പദ്ധതിയിലൂടെ പൂർണ്ണമായും സൗജന്യമായി നടത്തുന്നു. ഈ പ്രോജക്ട് ഈ വർഷവും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കോഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയ രീതിയിൽ ഈ വർഷവും (2024-25) താഴെപ്പറയും പ്രകാരം വിഹിതം വകയിരുത്തുന്നതിന് ജില്ലാ ആസൂത്രണസമിതിയുടെ 16.08.2024 -ലെ യോഗം അനുമതി നൽകിയിട്ടുണ്ട്.

| തദ്ദേശഭരണ സ്ഥാപനം | ഈ വർഷത്തെ വഹിതം |
|---|---|
| 1. ഗ്രാമപഞ്ചായത്ത് | 4.00 ലക്ഷം രൂപ വീതം |
| 2. ബ്ലോക്ക് പഞ്ചായത്ത് | 7.00 ലക്ഷം രൂപ വീതം |
| 3. ജില്ലാ പഞ്ചായത്ത് | 50.00 ലക്ഷം രൂപ |
| 4. നഗരസഭ | 7.00 ലക്ഷം രൂപ വീതം |
| 5. കോർപ്പറേഷൻ | 1.00 കോടി രൂപ |

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം സ്വീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- 1. മുൻ വർഷങ്ങളിലും കോഴിക്കോട് ജില്ലയിൽ മാതൃകാപരമായി നടപ്പാക്കുന്ന പദ്ധതിയാണ് **'സ്നേഹസ്പർശം'** എന്നതിനാൽ മുൻ വർഷങ്ങളിൽ നിർദ്ദേശിച്ചിരുന്നതു പോലെ താഴെപ്പറയുന്ന നിബന്ധനയോടെ ഈ പദ്ധതി നടപ്പാക്കാൻ അനുമതി നൽകുന്നു.

(i) ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചു ചേർത്ത് വേണം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകേണ്ട വിഹിതം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.

(ii) ലോക്കൽ ഫണ്ട് ഓഡിറ്റിനും C&AG ഓഡിറ്റിനും വിധേയമാക്കണം. ഒപ്പം ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിനും വിധേയമാക്കണം.

(iii) ഓരോ വർഷവും പ്രവർത്തന റിപ്പോർട്ട് സർക്കാരിനു നൽകണം. ഒപ്പം ഇവ ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകണം

(iv) മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി പാലിച്ചു വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

(v) സംഭാവനയടക്കം മറ്റ് സ്രോതസ്സിലൂടെ പരമാവധി തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

2. അടുത്ത വർഷം ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ വർഷാരംഭത്തിൽ തന്നെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.2 കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്തും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.07.2024-ലെ 4-ാം നമ്പർ തീരുമാനവും 29.01.2025-ലെ 1(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1003/24 - CC/593/2024)

വിഷയം:- ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കുടുംബശ്രീ യൂണിറ്റ് നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകുന്നത് സംബന്ധിച്ച്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഉപയോഗിക്കാതെ കിടന്നിരുന്ന പഴയ ഓഫീസ് കെട്ടിടം കുടുംബശ്രീ യൂണിറ്റിന്റെ **'മിൽക്കോ'** എന്ന സംരംഭത്തിന്റെ പ്രവർത്തനത്തിനായി വിട്ടു നൽകിയിരുന്നു. പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റാണ്

'മിൽക്കോ'. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് കുടുംബശ്രീ യൂണിറ്റ് സ്വന്തം ചെലവിൽ അറ്റകുറ്റപ്പണി നടത്തി. കുടുംബശ്രീ യൂണിറ്റ് ഉടനെ തന്നെ ആരംഭിക്കേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്താതെ കുടുംബശ്രീ നേരിട്ട് അറ്റകുറ്റപ്പണി നടത്തുകയായിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം 10,21,000 രൂപയുടെ അറ്റകുറ്റപ്പണിയാണ് നടത്തിയത്. കുടുംബശ്രീക്ക് സാമ്പത്തികശേഷി ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഈ തുക കുടുംബശ്രീ യൂണിറ്റിനു തിരികെ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. Solid Block ഉപയോഗിച്ച് മതിലിന്റ ഉയരം കൂട്ടുക, GI പൈപ്പ് ഉപയോഗിച്ച് GI ഷീറ്റ് ഇടുക, നിലം കോൺക്രീറ്റ് ചെയ്ത് ടൈൽ ഇടുക, PVC വാട്ടർ ടാങ്ക് സ്ഥാപിക്കൽ തുടങ്ങിയവയാണ് നടത്തിയിട്ടുള്ള പ്രവൃത്തികൾ.

തീരുമാനം :- യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായം പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ ( ഡി.ബി) വകുപ്പ് |

## 4.3 കവിയൂർ ഗ്രാമപഞ്ചായത്ത്

കവിയൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് മെമ്പറുടെ 12.11.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/ 1095/24)

വിഷയം:- കവിയൂർ ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണത്തിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

കവിയൂർ ഗ്രാമപഞ്ചായത്ത് 2023-24 വർഷം വീട് വാസയോഗ്യമാക്കുന്നതിന് 112/24, 118/24 എന്നീ നമ്പറുകളിലായി രണ്ട് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 112/24-ാം നമ്പർ (ഭവന പുനരുദ്ധാരണം) പ്രോജക്ടിന് ഒരു ഗുണഭോക്താവിന് 50,000 രൂപ വീതവും 10-ാം വാർഡിലേയ്ക്ക് മാത്രമായി എടുത്തിട്ടുള്ള 118/24-ാം നമ്പർ (വീട് വാസയോഗ്യമാക്കൽ) പ്രോജക്ടിന് ഒരു ഗുണഭോക്താവിന് 1.00 ലക്ഷം രൂപ വീതവും പരമാവധി നൽകാവുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരേ സ്വഭാവമുള്ള പ്രോജക്ടിന് രണ്ട് നിരക്കിൽ സബ്സിഡി നൽകുന്നത് നീതിയല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതനുസരിച്ച് ഇതിന്മേൽ വ്യക്തത വരുത്താൻ ജില്ലാ ആസൂത്രണസമിതി മുഖേന കോഓർഡിനേഷൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 06.03.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം പത്തനംതിട്ട തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തു. ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഇനി പറയും പ്രകാരം 13.08.2024-ലെ (ക്രമ നമ്പർ 2.8 ഖണ്ഡിക 4.13) കോഓർഡിനേഷൻ കമ്മിറ്റി യോഗം ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

"ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പ്രോജക്ട് തയ്യാറാക്കി നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരം മാർഗ്ഗരേഖയിലെ നിരക്കിൽ പരിമിതപ്പെടുത്തി അർഹമായ ധനസഹായം നൽകുന്ന രീതി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഒരു പ്രോജക്ടിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കും ഇതേ ആവശ്യത്തിനുള്ള മറ്റൊരു പ്രോജക്ടിൽ കുറഞ്ഞ നിരക്കിലും പ്രോജക്ട് തയ്യാറാക്കിയത് വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന്" കർശന നിർദ്ദേശം നൽകുന്നു എന്നാണ് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

ഈ വർഷം (2024-25) വീട് മെയിന്റനൻസിന് 84/25-ാം നമ്പറായി പ്രോജക്ട് എടുത്തിട്ടുണ്ട്. 38 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം നൽകുന്ന രീതിയിൽ 19.00 ലക്ഷം രൂപ വികസനഫണ്ട് (ജനറൽ) വകയിരുത്തി പ്രോജക്ട് എടുത്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 1.00 ലക്ഷം രൂപ ലഭിക്കുന്ന വിധം പ്രോജക്ട് ഭേദഗതി ചെയ്തു വേണം നടപ്പാക്കേണ്ടതെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇതു സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ WP(C)നം.599 of 2025 ആയി കേസ് ഉണ്ടെന്ന് യോഗം നിരീക്ഷിച്ചു.

ഒരു ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന [പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ (28.05.2022-ലെ 115/2025/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.7(3), 6.7(4)] നിരക്കിൽ പ്രോജക്ട് തയ്യാറാക്കി നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരം മാർഗ്ഗരേഖയിലെ നിരക്കിൽ പരിമിതപ്പെടുത്തി അർഹമായ ധനസഹായം നൽകണമെന്ന 13.08.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശം കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ ഈ നിർദ്ദേശം ഈ കേസിന്മേൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായിരിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ/ഡി.എ)വകുപ്പ് |

## 4.4 പൊന്നാനി മുനിസിപ്പാലിറ്റി

പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 20.03.2024-ലെ കത്തും പൊന്നാനി നഗരസഭാ കൗൺസിലിന്റെ 15.03.2024-ലെ 10-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 39/25 - DA1/416/2024 - LSGD)

വിഷയം:- പൊന്നാനി നഗരസഭയിലെ മാതൃ-ശിശു ആശുപത്രിയിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്

പൊന്നാനി നഗരസഭയിലെ മാതൃ-ശിശു ആശുപത്രിയിലേയ്ക്ക് അധികമായി 24 സ്റ്റാഫിനെ പൊന്നാനി നഗരസഭയും പൊന്നാനി താലൂക്കിലെ മറ്റ തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് 31.03.2024 വരെ നിയമിക്കാൻ 17.11.2023-ലെ DB/2262/2023/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. താഴെപ്പറയും പ്രകാരമാണ് ജീവനക്കാരെ നിയമിച്ചിരുന്നത്.

| | |
|---|---|
| നേഴ്സിംഗ് ഓഫീസർ | 15 |
| നേഴ്സിംഗ് അസിസ്റ്റന്റ് | 5 |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| OT ടെക്നീഷ്യൻ | 1 |
| ഇലക്ട്രീഷ്യൻ | 1 |
| **ആകെ** | **24** |

പൊന്നാനി നഗരസഭയും പൊന്നാനി ബ്ലോക്ക് പഞ്ചായത്തും 10.00 ലക്ഷം രൂപ വീതവും പൊന്നാനി താലൂക്കിലെ ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും വകയിരുത്താനാണ് അനുമതി നൽകിയിരുന്നത്. ഇതേ രീതിയിൽ 2024-25 വർഷവും മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.5 വനത്തോടു ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ്, കിടങ്ങ് നിർമ്മാണം

ബഹു. വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രി 07.08.2023-ന് ബഹു.മുഖ്യമന്ത്രിക്ക് നൽകിയ കുറിപ്പ്. (SRG/ 26/25 - EPA3/436/2023 - LSGD)

വിഷയം:- വനത്തോടു ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ് കിടങ്ങ് എന്നിവയുടെ നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച്

(1) വനാതിർത്തി പങ്കിടുന്ന തദ്ദേശഭരണസ്ഥാപനങ്ങളെ വന്യജീവിയിൽ നിന്ന് സംരക്ഷണം ഒരുക്കുന്നതിന് ഫെൻസിംഗും കിടങ്ങും നിർമ്മിക്കേണ്ടതുണ്ട്. ഏകദേശം 3000 കിലോ മീറ്ററോളം വരുന്ന സ്ഥലത്ത് കിടങ്ങും ഫെൻസിംഗും നിർമ്മിക്കാൻ വനം വകുപ്പിന്റെ വിഹിതം തികയില്ല. അതിനാൽ വനാതിർത്തിയിൽ കിടങ്ങ്, ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാനത്ത് 8 റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. RRT ക്ക് ആവശ്യമായ വാഹനങ്ങൾ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- (1) (i) വന്യമൃഗശല്യം പരിഹരിക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ സൗരവേലി, റിപ്പലന്റ്സ്, സ്കേയേഴ്സ്, അലാം സിഗ്നലുകൾ എന്നിവ സ്ഥാപിക്കാൻ മാർഗ്ഗരേഖ പ്രകാരം(28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.1.39) അനുമതിയുണ്ട്. നാമമാത്ര ചെറുകിട കർഷർക്കാണ് ധനസഹായം നൽകാവുന്നത്. 50 ശതമാനം സബ്സിഡി നൽകാം. ഇതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കിടങ്ങു നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കാവുന്നതാണ്.

(ii) വന്യജീവി ആക്രമണം ഉണ്ടാകുന്നതടക്കമുള്ള അടിയന്തിര സാഹചര്യം വരുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനം RRTക്ക് തൽക്കാല ആവശ്യത്തിന് വിട്ടുകൊടുക്കുകയോ ഈ ദിവസങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്തു നൽകുകയോ ചെയ്യേണ്ടതാണ്.

(2) കാട്ടുപന്നിയെ വെടിവയ്ക്കുന്നതിനുള്ള പ്രതിഫല തുക 1000 രൂപയിൽ നിന്ന് 2000 ആക്കുന്നതിനും (ഒന്നിന്) പന്നിയുടെ ജഡം സംസ്കരിക്കുന്നതിന് 1500 രൂപ വീതം ചെലവഴിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണമെന്നത് സംബന്ധിച്ച്.

തീരുമാനം :- പൊതുവിഷയം ഖണ്ഡിക 3.5 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ/ഇ.പി.എ) വകുപ്പ് |

## 4.6 Kerala Development and Innovation Strategic Council ( K- Disc)

Kerala Development and Innovation Strategic Council മെമ്പർ സെക്രട്ടറിയുടെ 18.02.2025-ലെ 683/2025/K-DISC നമ്പർ കത്ത് (SRG/186/25)

വിഷയം:- ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം എന്ന പദ്ധതിയിലൂടെ കണ്ടെത്തുന്ന നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്

'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം' പദ്ധതിയിലൂടെ കണ്ടെത്തുന്ന നൂതനാശയങ്ങൾ സമയബന്ധിതമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സുസ്ഥിരമായ ഒരു സംവിധാനം ലക്ഷ്യമിട്ടുകൊണ്ട് 'ഒരു തദ്ദേശസ്വയംഭരണസ്ഥാപനം ഒരാശയം' (ഒ.എൽ.ഒ.ഐ) എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നൂതനമായ ആശയങ്ങൾ, നവീന സാങ്കേതികവിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള നൂതന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ലക്ഷ്യം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരാശയം (OLOI) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസനപ്രശ്നങ്ങൾ നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടുന്നതിനായി 'സുലേഖ' ഓൺലൈൻ പോർട്ടൽ സംവിധാനത്തിലൂടെ സമർപ്പിച്ചിട്ടുണ്ട്. പൈലറ്റ് ഘട്ടത്തിലേയ്ക്ക് നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒൻപത് വിഷയമേഖലകളിലായി സമർപ്പിച്ച പ്രോജക്ടുകൾ അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളായ ഐ.ഐ.ടി ബോംബെ, കുഫോസ്, കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, ഡി.സി.എസ്. മാറ്റ് എന്നീ അക്കാദമിക ഗവേഷണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നൂതനാശയ രൂപീകരണ പ്രക്രിയ നടത്തി വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കി അവ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയവയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം സംബന്ധിച്ച്

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക(രൂപ) |
|---|---|---|
| | ഇന്നോവേഷൻ കമ്മിറ്റി പദ്ധതി അംഗീകരിക്കുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തവ | |
| 1 | ഇളകമൺ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഐഐടി ബോംബെ തയ്യാറാക്കിയ 'ഷാഫ്റ്റ്' ടെക്നോളജി | 25.00 ലക്ഷം രൂപ |
| | വെറ്റിംഗ് പൂർത്തിയായി, ഇന്നൊവേഷൻ കമ്മിറ്റിയുടെ പരിഗണനയിലേക്ക് ശുപാർശ ചെയ്ത പ്രോജക്ട്. | |
| 2 | ശാസ്ത്രീയമായി കക്ക ഇറച്ചി സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതി കൂട്ടുന്നതിനും ആയി കുഫോസ് മുന്നോട്ടുവച്ച മാതൃകയുടെ പദ്ധതി രേഖ. | 50.26 ലക്ഷം രൂപ |
| | ഡിപിസി പരിശോധിച്ചശേഷം വെറ്റിംഗിനായി വിഷയാടിസ്ഥാനത്തിൽ വിവിധ വെറ്റിങ് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ട്. | |
| 3 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് നേരിട്ടുവരുന്ന കഠിനമായ കുടിവെള്ള പ്രശ്നത്തിന്റെ അടിയന്തിര പരിഹാരമെന്നോണം ഒരു ഹൈ TDS റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യാനുള്ള വിശദാംശങ്ങളും, ദീർഘകാല പ്ലാൻ എന്ന നിലയിൽ അവിടുത്തെ അക്വിഫർ പഠിച്ച് 'നിയന്ത്രിത അക്വിഫർ റീചാർജിങ് നടപ്പിലാക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള പദ്ധതി രേഖ | 12.96 ലക്ഷം |
| | 2025-26 ലെ പദ്ധതിയിൽ ഉൾപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനതല വികസന സെമിനാറിൽ അംഗീകാരം ലഭിച്ച പദ്ധതികൾ | |
| 4 | പൈവളികെ ഗ്രാമപഞ്ചായത്ത് കാലങ്ങളായി നേരിട്ട് വരുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്, 'ആസൂത്രിത മഴവെള്ള സംഭരണവും നിയന്ത്രിത അക്വിഫർ റീചാർജിംഗും' നടപ്പിലാക്കാനും തുടർച്ചയായ നിരീക്ഷണം നടത്തി വരുന്നതിനുമുള്ള പദ്ധതി രേഖ | 30 ലക്ഷം രൂപ |
| 5 | കുമരകം ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ ഉപയോഗിച്ച് പാടശേഖരങ്ങളുടെ ചുറ്റും ബണ്ട് നിർമ്മിക്കുന്നതും ഇതുവഴി ബണ്ടുകൾ ബലപ്പെടുത്താനും ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനും പ്രളയം തടയുന്നതിനും - ബയോ ബണ്ട് മൂലേപ്പാടം പാടശേഖരത്തിന് ചുറ്റും നിർമ്മിക്കുന്നതിനുള്ള പദ്ധതി രേഖ | 2.99 കോടി രൂപ |

തീരുമാനം :- K-Disc ന്റെ OLOI പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നവീനാശയങ്ങളടങ്ങിയ പ്രോജക്ടുകൾ പരിശോധിച്ച് വെറ്റ് ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ സംസ്ഥാന തലത്തിൽ രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റിയുടെ ഘടനയും പ്രവർത്തന രീതിയും സംബന്ധിച്ച് പ്രൊപ്പോസൽ നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.7 Kerala Development and Innovation Strategic Council ( K-DISC)

Kerala Development and Innovation Strategic Council (K-DISC) മെമ്പർ സെക്രട്ടറിയുടെ 14.03.2025-ലെ 1022/2025/കെ-ഡിസ്ക് നമ്പർ കത്തും 15.03.2025-ലെ 1022/2025/കെ-ഡിസ്ക്/L-68-ാം നമ്പർ കത്തും (SRG/249/25, SRG/259/25)

(i) വിഷയം:- തൊഴിൽ മേളയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാക്രമീകരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

വിജ്ഞാന കേരളം പരിപാടിയോടനുബന്ധിച്ച് നടത്തുന്ന തൊഴിൽ മേളകളിൽ/മെഗാ ജോബ് ഫെയറുകളിൽ Digital Workforce Management System (DWMS) പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ പങ്കെടുക്കുമ്പോൾ ഇവർക്ക് യാത്രാ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവർക്ക് പൊതുവായ യാത്രാസൗകര്യ മൊരുക്കുന്നതിനുള്ള വാഹനത്തിന്റെ ചെലവ് അതത് ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- സർക്കാരിന്റെ പ്രത്യേക പരിപാടിയാണ് ജില്ലാതലത്തിൽ നടക്കുന്ന ജോബ് ഫെയറുകൾ എന്നത് പരിഗണിച്ച് പൊതുവായി (ഒരുമിച്ച് ) യാത്രാ സൗകര്യം ഒരുക്കുന്നതിന് തനത് ഫണ്ട്/വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കാൻ അനുമതി നൽകുന്നു. ഇതിനായി KSRTCയുടെ ബസ് വാടകയ്ക്കെടുത്ത് യാത്രാ സൗകര്യമൊരുക്കണം. KSRTC ബസ് ലഭ്യമല്ലാതെ വന്നാൽ മാത്രം സ്വകാര്യ ബസ് വാടകയ്ക്കെടുക്കാവുന്നതാണ്.

(ii) വിഷയം:- വിജ്ഞാന കേരളം ജോബ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെലവുകൾ കണ്ടെത്തുന്നത് സംബന്ധിച്ച്

വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായ ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കുന്നതിനാവശ്യമായ തുക 2024-25 വർഷത്തെ വികസനഫണ്ട് (ജനറൽ)/തനത് ഫണ്ടിൽ നിന്ന് ജി.ഒ പ്രോജക്ട് എന്ന നിലയിൽ ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്. ഭക്ഷണം, സ്റ്റേഷനറി, ബാനർ, ടെലഫോൺ ചാർജ്, യാത്രാപ്പടി, ക്യാമ്പ് സംഘടിപ്പിക്കൽ, ഫെസിലിറ്റേഷൻ സെന്ററുകളിലേയ്ക്കാവശ്യമായ സാധന സാമഗ്രികൾ എന്നിവയ്ക്കാണ് തുക ആവശ്യമായി വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- ബ്ലോക്ക് പഞ്ചായത്തിന് പരമാവധി 2.00 ലക്ഷം രൂപ തനത് ഫണ്ട്/ വികസനഫണ്ട് (ജനറൽ) ചെലവഴിക്കാൻ അനുമതി നൽകുന്നു. സാമ്പത്തിക വർഷം കഴിയുന്ന സാഹചര്യത്തിൽ ഇത് ജി.ഒ പ്രോജക്ട് ആക്കേണ്ടതില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ് |

## 4.8 കവളങ്ങാട് ഗ്രാമപഞ്ചായത്ത്

ബഹു. കോതമംഗലം എം.എൽ.എ യുടെ 15.01.2025-ലെ കത്തും കവളങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.01.2025-ലെ കത്തുകളും (2 എണ്ണം) ഊന്നുകൽ വെറ്ററിനറി സർജന്റെ 12.11.2024-ലെ AHD/EKM/VH/158/24-ാം നമ്പർ കത്തും (SRG/ 53/25)

വിഷയം:- ഗ്രാമപഞ്ചായത്തിലെ വിവിധ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് സംബന്ധിച്ച്

കവളങ്ങാട് ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന പ്രോജക്ടുകൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോ.നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|
| 155/25 | വനിതാ മുട്ടക്കോഴി വിതരണം - ജനറൽ | 3,99,750 രൂപ |
| 158/25 | കിടാരി വിതരണം - വനിത (ജനറൽ) | 17,82,000 രൂപ |
| 159/25 | കിടാരി വിതരണം - വനിത (എസ്.റ്റി) | 1,76,000 രൂപ |
| 383/25 | പോത്തുകുട്ടി വിതരണം - ജനറൽ | 21,56,000 രൂപ |

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടായതിനാൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഇവ വനിതാ ഘടക പദ്ധതിയിൽ നടപ്പാക്കാൻ കഴിയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇവ വനിതാ ഘടക പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- വനിതകളുടെ ഉന്നതിക്കും സാമൂഹിക സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണം (ഉദാ:- വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം, വനിതകൾക്ക് വേണ്ടിയുള്ള സമഗ്രപരിപാടി തുടങ്ങിയവ). അതനുസരിച്ചുള്ള അർഹതാ മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.9 തച്ചമ്പാറ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17.12.2024-ലെ കത്തും തച്ചമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.10.2024-ലെ SC - 2-22/24-ാം നമ്പർ കത്തും (SRG/8/2025 CC/694/24)

വിഷയം:- പശു വളർത്തുന്നതിനുള്ള ധനസഹായവും മുട്ടക്കോഴി വിതരണത്തിനുള്ള പ്രോജക്ടും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച്

| | | |
|---|---|---|
| (i) *പ്രോ.നം:* 27/25 | *അടങ്കൽ* | *12,50,000 രൂപ* |
| | | *വികസനഫണ്ട് - ജനറൽ - 6,25,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം - 6,25,000 രൂപ* |
| *പേര്* | *പശു വളർത്തൽ - വനിത* | |
| (ii) *പ്രോ.നം:* 29/25 | *അടങ്കൽ* | *3,25,000 രൂപ* |
| | | *വികസനഫണ്ട് - ജനറൽ - 3,00,000 രൂപ* |
| | | *ഗുണഭോക്തൃവിഹിതം - 25,000 രൂപ* |
| *പേര്* | *മുട്ടക്കോഴി വിതരണം - വനിത* | |

പശു വളർത്തലിന് ധനസഹായം, മുട്ടക്കോഴി വിതരണം എന്നിവയ്ക്കായി തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- വനിതകളുടെ ഉന്നതിക്കും സാമൂഹിക സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. വനിതാ ഘടക

പദ്ധതിയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണം (ഉദാ:- വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം, വനിതകൾക്ക് വേണ്ടിയുള്ള സമഗ്രപരിപാടി തുടങ്ങിയവ). അതനുസരിച്ചുള്ള അർഹതാ മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.10 <u>എരുമേലി ഗ്രാമപഞ്ചായത്ത്</u>**

എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2025-ലെ കത്ത് (SRG/161/25)

വിഷയം:- മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്

എരുമേലി ഗ്രാമപഞ്ചായത്ത് 2024-25 വർഷം മുട്ടക്കോഴി വിതരണത്തിനായി 2.76 ലക്ഷം രൂപയുടെ (വികസനഫണ്ട് ജനറൽ) പ്രോജക്ട് എടുത്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ തന്നെ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- വനിതകളുടെ ഉന്നതിക്കും സാമൂഹിക സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണം (ഉദാ:- വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം, വനിതകൾക്ക് വേണ്ടിയുള്ള സമഗ്രപരിപാടി തുടങ്ങിയവ). അതനുസരിച്ചുള്ള അർഹതാ മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.11 <u>കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്</u>**

പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.01.2025-ലെ കത്തും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.01.2025-ലെ കത്തും (SRG/136/25 - CC/29/25)

വിഷയം:- കറവ പശുവിനെ നൽകാനുള്ള പ്രോജക്ട് വനിതാഘടക പദ്ധതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് .

| | | |
|---|---|---|
| പ്രോ.നം. 39/25 | അടങ്കൽ | 32,40,000 രൂപ |
| | | വികസനഫണ്ട് ജനറൽ - 16,20,000 രൂപ |
| | | ഗുണഭോക്തൃ വിഹിതം - 16,20,000 രൂപ |
| പേര് | കറവ പശു വിതരണം - വനിത | |

കറവ പശു വിതരണത്തിനുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– വനിതകളുടെ ഉന്നതിക്കും സാമൂഹിക സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണം (ഉദാ:– വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം, വനിതകൾക്ക് വേണ്ടിയുള്ള സമഗ്രപരിപാടി തുടങ്ങിയവ). അതനുസരിച്ചുള്ള അർഹതാ മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.12 ദേവികുളം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024 –ലെ കത്ത് (SRG/ 901/24 – CC/492/2024)

വിഷയം:– വനിതാ ഘടക പദ്ധതിയിലെ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 12/25 | അടങ്കൽ | 49,50,000 രൂപ (എസ്.സി.പി) |
| *പേര്:–* | വനിതാ കർഷകർക്ക് ശീതകാല പച്ചക്കറി വിത്തും ജൈവവള വിതരണവും – എസ്.സി.പി | |

ദേവികുളം ഗ്രാമപഞ്ചായത്ത് എസ്റ്റേറ്റ് മേഖലയാണ് എന്നത് പരിഗണിച്ച് ശീതകാല കൃഷിക്ക് പച്ചക്കറി വിത്തും ജൈവവള വിതരണവും എന്ന പ്രോജക്ട് (എസ്.സി.പി) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മുകളിൽ പറഞ്ഞ പ്രോജക്ട് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് എന്നത് പരിഗണിച്ച് ഇത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല.

തീരുമാനം :– വനിതകളുടെ ഉന്നതിക്കും സാമൂഹിക സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണം (ഉദാ:– വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം, വനിതകൾക്ക് വേണ്ടിയുള്ള സമഗ്രപരിപാടി തുടങ്ങിയവ). അതനുസരിച്ചുള്ള അർഹതാ മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.13 ദേവികുളം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024 –ലെ കത്ത് (SRG/ 900/224 – CC/491/2024)

വിഷയം:– വനിതാ ഘടക പദ്ധതിയിലെ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 11/25 | അടങ്കൽ | 55,00,000 രൂപ |
| | വികസനഫണ്ട് ജനറൽ | 48,00,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 7,00,000 രൂപ |
| *പേര്:–* | വനിതാ കർഷകർക്ക് ശീതകാല പച്ചക്കറി വിത്തും ജൈവവള വിതരണവും – ജനറൽ | |

ദേവികുളം ഗ്രാമപഞ്ചായത്ത് എസ്റ്റേറ്റ് മേഖലയാണ് എന്നത് പരിഗണിച്ച് ശീതകാല കൃഷിക്ക് പച്ചക്കറി വിത്തും ജൈവവള വിതരണവും എന്ന പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഈ പ്രോജക്ട് വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനപ്പെടുന്നതാണ് എന്നതു പരിഗണിച്ച് ഇത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല.

തീരുമാനം :- വനിതകളുടെ ഉന്നതിക്കും സാമൂഹിക സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടാണ് വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റി വയ്ക്കണമെന്ന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് യോഗം വിലയിരുത്തി. വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണം (ഉദാ:- വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം, വനിതകൾക്ക് വേണ്ടിയുള്ള സമഗ്രപരിപാടി തുടങ്ങിയവ). അതനുസരിച്ചുള്ള അർഹതാ മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടുകൾ നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ് |

## 4.14 ഞീഴൂർ ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2024-ലെ കത്തും ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2024-ലെ 1(6)-ാം നമ്പർ നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/162/25 - CC/369/24)

വിഷയം:- സൗരോർജ്ജ ഡ്രയർ വ്യക്തികൾക്ക് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 32/25 | *അടങ്കൽ* | *9,33,334 രൂപ* |
| | | *വികസനഫണ്ട് -4,00,000 രൂപ* |
| | | *CFC റ്റൈഡ് ഗ്രാന്റ്- 3,00,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം 2,33,334 രൂപ* |
| *പേര്* | *സൗരോർജ്ജ ഡ്രയറുകളുടെ വിതരണം - വനിത* | |

ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ജാതി, കൊക്കോ, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ വ്യാപകമായി കൃഷി ചെയ്യുന്നുണ്ട് എന്ന് അറിയിച്ചിരിക്കുന്നു. ഇവക്ക് നല്ല വില കിട്ടണമെങ്കിൽ ഇവ ഉണക്കി നൽകണം. ഇതിനായി 10,000 രൂപ വിലവരുന്ന സോളാർ ഡ്രയറുകൾ 75% സബ്സിഡിയോടെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. 70 സോളാർ ഡ്രയറുകളാണ് നൽകുന്നത്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ട് മാർഗ്ഗരേഖയിൽ ഇല്ല എന്ന് ചൂണ്ടി കാണിച്ച് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

തീരുമാനം :- 1) ഡ്രയറുകൾ ഗ്രൂപ്പുകൾക്ക് നൽകാൻ മാർഗ്ഗരേഖ പ്രകാരം (ഖണ്ഡിക 6.1.11) അനുമതിയുണ്ട്. മുകളിൽ പറഞ്ഞ ഡ്രയറുകളുടെ വില 10,000 രൂപ മാത്രമായതിനാൽ വ്യക്തികൾക്കാണെങ്കിലും ഡ്രയറുകൾ നൽകാൻ അനുമതി നൽകുന്നു. പരമാവധി യൂണിറ്റ് നിരക്ക് 10,000 രൂപയിൽ പരിമിതപ്പെടുത്തി പൊതു വിഭാഗത്തിന് 50 ശതമാനം, പട്ടികജാതി വിഭാഗത്തിന് 75 ശതമാനം,

പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം എന്നീ നിരക്കിൽ സബ്സിഡി നൽകാവുന്നതാണ്.

2) വനിതാ ഘടക പദ്ധതിയിൽ ഈ പ്രോജക്ട് നടപ്പാക്കണമെങ്കിൽ മുകളിൽ ഖണ്ഡിക 4.8 (കവളങ്ങാട് ഗ്രാമപഞ്ചായത്ത്) -ൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.15 ചിറക്കടവ് ഗ്രാമപഞ്ചായത്ത്**

ബഹു.ഗവ.ചീഫ് വിപ്പിന്റെ 12.02.2025-ലെ 52/GCW**/2025** -ാം നമ്പർ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.01.2025-ലെ 6(1)-ാം നമ്പർ തീരുമാനവും LSGD/ DB1/54/2025 -ാം നമ്പർ കത്തും (SRG/200/25)

**വിഷയം:-** ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ കൾച്ചറൽ കോംപ്ലക്സ് കം കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച്

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ടൗൺ ഹാൾ വളരെപ്പഴക്കമുള്ളതാണ്. ഈ ടൗൺഹാൾ പൊളിച്ചുമാറ്റി കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ ടാഗോർ കൾച്ചറൽ കോംപ്ലക്സ് എന്ന പദ്ധതി പ്രകാരമുള്ള ഫണ്ടും ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടും ഉപയോഗിച്ച് ടാഗോർ കൾച്ചറൽ കോപ്ലക്സ് കം കൺവെൻഷൽ സെന്റർ പണിയാനുദ്ദേശിക്കുന്നു. ഇപ്രകാരം കൺവെൻഷൻ സെന്റർ നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വിശദമായ എസ്റ്റിമേറ്റും DPR ഉം അടങ്കൽ തുകയും അടക്കമുള്ള വിവരങ്ങൾ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.16 ചങ്ങനാശ്ശേരി നഗരസഭ**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.03.2025 -ലെ കത്തും ചങ്ങനാശ്ശേരി നഗരസഭാ കൗൺസിലിന്റെ 10.03.2025 ലെ 3-ാം നമ്പർ തീരുമാനവും (SRG/242/25 – CC/143/2025)

**വിഷയം:-** കുടിവെള്ള കുടിശ്ശിക കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 153/25 | അടങ്കൽ | 69,64,731 രൂപ<br>(സി.എഫ്.സി. റൈറ്റഡ് ഗ്രാന്റ് – 69,61,366 രൂപ<br>സി.എഫ്.സി. ബേസിക് ഗ്രാന്റ് – 2,065 രൂപ<br>തനത് ഫണ്ട് 1,300 രൂപ) |
| *പേര്* | *കുടിവെള്ള കുടിശ്ശിക വാട്ടർ അതോറിറ്റിക്കു നൽകൽ* | |

കേരള വാട്ടർ അതോറിറ്റിക്കു കുടിവെള്ള കുടിശ്ശിക നൽകാനുള്ള പ്രോജക്ടിൽ 69,61,366 സി.എഫ്.സി റൈറ്റഡ് ഗ്രാന്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധന വകുപ്പിന്റെ 27.03.2025-ലെ 3217/2025/Fin നമ്പർ ഉത്തരവു പ്രകാരം നഗരസഭകളുടെ കുടിവെള്ള ചാർജ്ജ് ഈടാക്കുന്നതിന് ധനവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ചങ്ങനാശ്ശേരി നഗരസഭയുടെ കുടിശ്ശികയായുള്ള കുടിവെള്ള ചാർജ്ജിനത്തിൽ 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് കുടിശ്ശിക തുക കേരള വാട്ടർ അതോറിറ്റിയുടെ TSB അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ

ഉത്തരവായിട്ടുണ്ട്. ഇരട്ടിപ്പുണ്ടാകും എന്നതിനാൽ ആവശ്യം ഇപ്പോൾ പരിഗണിക്കുന്നില്ല. എന്നാൽ തുക കുറവ് ചെയ്തതിന് ശേഷവും കുടിവെള്ള കുടിശ്ശികയുണ്ടെങ്കിൽ ആവശ്യമെന്നു തോന്നുന്ന പക്ഷം ഈ തുക അടയ്ക്കാൻ അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.17 അരൂർ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും അരൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.10.2024-ലെ കത്തും (SRG/ 1124/ 24 - CC/509/24 )

വിഷയം:- എസ്റ്റിമേറ്റിൽ നിന്നു മാറി മറ്റു പ്രവൃത്തി ചെയ്തതിന് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.448/21 | അടങ്കൽ | 1,70,000 രൂപ (തനത് ഫണ്ട് ) |
| *പേര്:-* | *കാരത്തറക്കളം ഫുട്പാത്ത് ഫോർമേഷൻ ( വാർഡ് 20)* | |

ആരൂർ ഗ്രാമപഞ്ചായത്ത് 20-ാം വാർഡിൽ കാരത്തറക്കളം ഭാഗത്ത് ഫുട്പാത്ത് നിർമ്മിക്കുന്നതിനായി 2018-19 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്രോജക്ട് സ്പിൽ ഓവറായി തുടർന്നിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപ്പാത നിർമ്മാണത്തിനാണെങ്കിലും കനത്ത മഴയും വേലിയേറ്റവും ഉണ്ടായിരുന്നതിനാൽ പ്രദേശവാസികളുടെ ആവശ്യം കൂടി പരിഗണിച്ച് ഫുട്പാത്ത് നിർമ്മാണത്തിനു പകരം പാതയുടെ സൈഡിലുള്ള തോടിന് കല്ലുകെട്ടുന്ന പ്രവൃത്തിയാണ് ചെയ്തത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. ഈ പ്രവൃത്തി ചെയ്ത സമയത്തെ 2016 DSOR നിരക്കും 54.90 ശതമാനം കോസ്റ്റ് ഇൻഡക്സും പ്രകാരം ഈ പ്രവൃത്തിയുടെ വാല്യുവേഷൻ തുക 94,080 രൂപയാണെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകിയിട്ടില്ല.

തീരുമാനം :- ഫുട്പാത്ത് നിർമ്മാണത്തിനുള്ള പ്രോജക്ടിൽ നിന്നും മാറി കല്ലുകെട്ട് നടത്തിയത് വീഴ്ചയാണ് എന്നു യോഗം നിരീക്ഷിച്ചു. എങ്കിലും പൊതുജനങ്ങളുടെ അഭിപ്രായം കൂടി മാനിച്ചാണ് ഫുട്പാത്തിനു പകരം തോടിന് കല്ലുകെട്ടിയത് എന്നതു കൂടി പരിഗണിച്ച് വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ അനുമതി നൽകുന്നു. ഇത്തരം വീഴ്ച ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ ( ഡി.ബി) വകുപ്പ് |

**4.18 വയനാട് ജില്ലാ പഞ്ചായത്ത്**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2024-ലെ കത്തും വയനാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG/ 1049/24 - cc/573/24)

വിഷയം:- സമഗ്ര ആയുർവേദ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 77/25 | അടങ്കൽ | 25,00,000 രൂപ |
| | | വികസനഫണ്ട് - ജനറൽ |
| *പേര്:-* | *സമഗ്ര പെയിൻ പാലിയേറ്റീവ് കെയർ പദ്ധതി* | |

കിടപ്പിലായ പാലിയേറ്റീവ് രോഗികൾക്കായി ആയുർവേദ പെയിൻ & പാലിയേറ്റീവ് കെയർ നടപ്പാക്കുന്നതിനാണ് പ്രോജക്ട്. ഹോം കെയറിലൂടെയും കിടത്തി ചികിത്സയിലൂടെയുമാണ് പാലിയേറ്റീവ് കെയർ നടപ്പാക്കുന്നത്. ആയുർവേദ പഞ്ചകർമ്മ ഔഷധങ്ങൾ, യോഗ, പ്രാണായാമം, മെഡിറ്റേഷൻ ഫിസിയോ തെറാപ്പി തുടങ്ങിയ ചികിത്സാ രീതികളാണ് പാലിയേറ്റീവ് രോഗികൾക്ക നൽകുന്നത്. മുകളിൽ പറഞ്ഞ പ്രോജക്ട് ഹോം കെയറിനു വേണ്ടിയാണ്. ഇതിനായി വർഷം മുഴുവനും ജീവനക്കാർക്ക് ഓണറേറിയം നൽകണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- സർക്കാർ ഉത്തരവ് പ്രകാരം അലോപ്പതി ചികിത്സയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പ്രവർത്തനമാണ് നടത്താവുന്നത്. മറ്റു ചികിത്സാ രീതികൂടി ഇതോടൊപ്പം സംയോജിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്താറുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന പാലിയേറ്റീവ് സേവനത്തോടൊപ്പം ആയുർവേദ ചികിത്സാരീതി കൂടി സംയോജിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി ഹോം കെയർ നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് നേരിട്ട് ഹോം കെയർ നടത്തേണ്ടതില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4.19 <u>വയനാട് ജില്ലാ പഞ്ചായത്ത്</u>

വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റ 02.12.2024-ലെ കത്തും വയനാട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ 1(3)-ലെ നമ്പർ തീരുമാനവും (SRG/1170/24)

വിഷയം:- ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആയുർവേദ ചികിത്സയും തെറാപ്പിയും നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 92/25* | *അടങ്കൽ* | *30,00,000 രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | *ആയുർ സ്പർശം* | |

ജില്ലാ പഞ്ചായത്ത് 2024-25 വർഷം ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി വളർച്ചാവൈകല്യങ്ങളുള്ള കുട്ടികൾക്കായി ആയുർ സ്പർശം എന്ന പ്രോജക്ട് കല്പറ്റ ജില്ലാ ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് തയ്യാറാക്കിയിട്ടുണ്ട്. സെറിബ്രൽ പാൾസി, ഓട്ടിസം, സംസാര വൈകല്യം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം, പെരുമാറ്റ വൈകല്യം, ജനിതക പ്രശ്നങ്ങൾ, അപസ്മാരം തുടങ്ങിയവയ്ക്ക് ആയുർവേദ ചികിത്സയും അനുബന്ധ തെറാപ്പികളായ സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, സൈക്കോ തെറാപ്പി, സ്പെഷ്യൽ എഡ്യുക്കേഷൻ, ഒക്യുപേഷണൽ തെറാപ്പി, ക്ലിനിക്കൽ യോഗ എന്നിവ നൽകുന്നതിനാണ് പ്രോജക്ട്. ഇതിനായി താഴെപ്പറയും പ്രകാരം വിദഗ്ധരെ നിയമിക്കണം.

| | | |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (2 എണ്ണം) | 1455 രൂപ പ്രതിദിന വേതനം |
| 2 | സൈക്കോളജിസ്റ്റ് | 1100 രൂപ " " |
| 3 | സ്പീച്ച് തെറാപ്പിസ്റ്റ് | 1205 രൂപ " " |
| 4 | ഫിസിയോ തെറാപ്പിസ്റ്റ് | 1205 രൂപ " " |
| 5 | ഫാർമസിസ്റ്റ് | 780 രൂപ " " |
| 6 | പഞ്ചകർമ്മ തെറാപ്പിസ്റ്റ് (2 എണ്ണം) | 755 രൂപ " " |
| 7 | മൾട്ടി പർപ്പസ് വർക്കർ | 675 രൂപ " " |

നൂതന പ്രേജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാ തല കമ്മിറ്റിയുടെ അംഗീകാരത്തോടെ മുകളിൽപറഞ്ഞവരെ 6 മാസത്തേക്ക് നിയമിച്ച് വേതനം നൽകി. ഇവരുടെ സേവനം തുടർന്നും ലഭ്യമാക്കി പ്രോജക്ട് തുടരാൻ അനുമതി സംബന്ധിച്ച്. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കേണിച്ചിറ കയ്യാലമുക്കിലുള്ള വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലാണ് ഈ സേവനം നൽകുന്നത്.

തീരുമാനം :- തദ്ദേശഭരണ സ്ഥാപനങ്ങൾ മുകളിൽ പറഞ്ഞ പ്രകാരം തൽക്കാലം വിദഗ്ധരെ നിയമിക്കേണ്ടതില്ല എന്ന് യോഗം വിലയിരുത്തി. ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4.20 ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2024-ലെ കത്ത് (SRG/ 1005/24 - CC/543/24)

വിഷയം:- ലൈഫ് പദ്ധതിയിൽ ഭൂമിയുള്ള ഭവന രഹിത ലിസ്റ്റിൽപ്പെട്ട വ്യക്തിയെ ഭൂരഹിത ഭവനരഹിത ലിസ്റ്റിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്.

ചെറുകുന്നം ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലെ താമസക്കാരിയായ ശ്രീമതി. ഗീത തട്ടാൻകട എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിലെ ലിസ്റ്റിലും അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ നിലവിലെ വീടിന്റെ സമീപത്ത് ശക്തമായ മഴയിൽ മണ്ണിടിച്ചിൽ ഉണ്ടാകുകയും വീട് വാസയോഗ്യമല്ലാതാകുകയും ചെയ്തു. മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശമായതിനാൽ ഇവിടെ വീട് നിർമ്മിച്ചാൽ അപകട സാധ്യതയുണ്ടെന്ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ ഇവർക്ക് അനുയോജ്യമായ വേറെ ഭൂമി കണ്ടെത്തുന്നതിനായി ഈ വ്യക്തിയെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിലേയ്ക്ക് മാറ്റുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- ഈ വ്യക്തി അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടതായതിനാൽ വീടു വയ്ക്കാൻ അനുയോജ്യമല്ലാത്ത സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് അനുയോജ്യമായ സ്ഥലം വാങ്ങി നൽകി വീട് വച്ച് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4.21 പൊന്മള ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2022 -ലെ കത്തും പൊന്മള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.09.2024-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/ 1045/24 - CC/570/2024)

വിഷയം:- ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് തുക അടയ്ക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 295/25 | അടങ്കൽ | 1,71,800രൂപ<br>(CFC ബേസിക് ഗ്രാന്റ്) |
| *പേര്:-* | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | |

പൊന്മള ഗ്രാമപഞ്ചായത്തിൽ 11 -ാം വാർഡിലുള്ള KSEB യുടെ ട്രാൻസ്ഫോർമർ ഇപ്പോൾ വാഹന ഗതാഗതത്തിന് തടസ്സമുണ്ടാക്കുംവിധമാണിരിക്കുന്നത്. അപകട സാധ്യത നിലനിൽക്കുന്ന സ്ഥലത്തുള്ള ഈ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് 1,71,800 രൂപയുടെ എസ്റ്റിമേറ്റ് KSEB നൽകിയിട്ടുണ്ട്. ഈ തുക KSEB യ്ക്ക് ഡിപ്പോസിറ്റ് ചെയ്ത് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ KSEB ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി തേടി തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.22 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.01.2025-ലെ കത്തും ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/92/25 – CC/842/2023)

വിഷയം:- ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി DPR തയ്യാറാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 500/25 | *അടങ്കൽ* | *10,00,000 രൂപ* |
| | | *തനത് ഫണ്ട്* |
| *പേര്* | *ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2023-24 മാലിന്യമുക്ത ജില്ലാ ക്യാമ്പയിൻ ഫോർ റിജുവനേഷൻ ഓഫ് ഡ്രെയിനേജ് നെറ്റ് വർക്ക് ഇൻ ആലപ്പുഴ തയ്യാറാക്കൽ* | |

ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയാക്കി മാറ്റുന്നതിനായി ജില്ലാപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പ്രത്യേക പദ്ധതിക്കും, ഖരമാലിന്യ ശുചിത്വ പ്രോജക്ടുകൾക്കും ദ്രവമാലിന്യ മാനേജ്മെന്റ് പഠനം നടത്തി DPR തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ക്യാമ്പയിൻ ഫോർ റിജുവനേഷൻ ഓഫ് ഡ്രെയിനേജ് നെറ്റ് വർക്ക് ഇൻ ആലപ്പുഴ എന്ന പേരിലാണ് ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. ഗാർഹിക ദ്രവ മാലിന്യ മാനേജ്മെന്റ്, വേലിയേറ്റ വെള്ളപ്പൊക്ക മാനേജ്മെന്റ്, നീർവാഴ്ച എന്നിവയാണ് പ്രധാന ജനകീയ ക്യാമ്പയിനുകൾ. ഇതിന്റെ ഭാഗമായാണ് DPR തയ്യാറാക്കുന്നത്. സർക്കാരിന്റെ 03.03.2023-ലെ 534/2023/LSGD നമ്പർ ഉത്തരവ് പ്രകാരം DPR തയ്യാറാക്കാൻ Centre for Socio Economic Environmental Studies (CSES) നെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. DPR തയ്യാറാക്കുന്നതിനായി അക്രഡിറ്റേഷനുള്ള CSES എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇത് പിന്നീട് പരിഗണിക്കാൻ മാറ്റിവച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**4.23 മുണ്ടേരി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025 ലെ കത്തും അനുബന്ധ രേഖകളും (SRG/157/25-CC/43/2025)

**വിഷയം:-** കൃഷി സ്ഥലം ഒരുക്കുന്നതിനുള്ള കൂലിചെലവ് ഇനത്തിലുള്ള തുക പ്രവൃത്തി ചെയ്ത അഗ്രോ സർവ്വീസ് സെന്ററിനു നൽകുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| | പ്രോജക്ട് നമ്പർ : 132/2025 | അടങ്കൽ | 26,64,000 രൂപ<br>(വികസന ഫണ്ട് ജനറൽ – 10,82,081 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 9,00,000 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം – 6,81,919 രൂപ) |
| | *പേര്* | *സമഗ്ര നെൽകൃഷി വികസന പദ്ധതി* | |

ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നെൽകൃഷി വികസനത്തിനുള്ള പ്രോജക്ടിൽ നെൽകൃഷിയ്ക്ക് സ്ഥലം ഒരുക്കുന്നതിനുള്ള പ്രവൃത്തി മുണ്ടേരി അഗ്രോ സർവ്വീസ് സെന്ററിനെയാണ് ഏല്പിച്ചിരുന്നത്. ഇതിന്റെ കൂലി ചെലവ് ഗുണഭോക്താവായ കർഷകനു നൽകുന്നതിനു പകരം സബ്സിഡി തുക മുണ്ടേരി അഗ്രോ സർവ്വീസ് സെന്ററിന് നേരിട്ടു നൽകി.

മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിനു പരമാവധി 25,000 രൂപയാണ് ധനസഹായം നൽകാവുന്നത്. ഒരു ഹെക്ടറിൽ 80 കിലോഗ്രാം വിത്തിന്റെ വിലയായ 3,360 രൂപയും ബാക്കിതുക കൂലിചെലവ് സബ്സിഡി ആയിട്ടുമാണ് നൽകുന്നത്. ഒരു മണിക്കൂറിന് 900 രൂപ എന്ന നിരക്കിലാണ് ഇന്ധന ചെലവ് സഹിതം ട്രാക്ടറിന്റെ വാടക കണക്കാക്കിയിരിക്കുന്നത്. കൂലിചെലവ് കർഷകനു നൽകുന്നതിനു പകരം അഗ്രോ സർവ്വീസ് സെന്ററിനു നേരിട്ടുനൽകിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

കഴിഞ്ഞ വർഷം ഇതേ രീതിയിൽ നിലമൊരുക്കിയത് മുണ്ടേരി അഗ്രോസർവ്വീസ് സെന്റർ മുഖേനയാണ്. കർഷകനു നേരിട്ടു സബ്സിഡി നൽകുന്നതിനു പകരം അഗ്രോസർവ്വീസ് സെന്ററിന് സബ്സിഡി തുക നൽകിയതു സംബന്ധിച്ച് ഓഡിറ്റ് കുറിപ്പുണ്ട്. ഓഡിറ്റ് നടക്കുന്നതിനു മുൻപാണ് ഈ വർഷം പ്രോജക്ട് നടപ്പാക്കിയത്.

തീരുമാനം :- മുണ്ടേരി അഗ്രോ സർവ്വീസ് സെന്റർ മുഖേന സ്ഥലമൊരുക്കിയതിന്റെ പ്രയോജനം എല്ലാ ഗുണഭോക്താവിനും ലഭിച്ചിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പാക്കണമെന്ന നിർദ്ദേശത്തോടെ ഈ വർഷം (2024-25) പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.24 കൊടകര ബ്ലോക്ക് പഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.10.2024-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1120/24 - CC/659/2024)

തീരുമാനം:- ബ്ലോക്ക് പഞ്ചായത്തിന്റെ ഷീ വർക്ക് സ്പേസിന്റെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 83/22 | അടങ്കൽ | 1,77,04,325 രൂപ |
| | വികസന ഫണ്ട് ജനറൽ | 31,34,335 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 31,20,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,14,50,000 രൂപ |
| *പേര്:-* | കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 ഷീവർക്ക് സ്പേസ് | |

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഷീവർക്ക് സ്പേസ് പദ്ധതിയുടെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏല്പിച്ചത്. കരാർ പ്രകാരം 17.03.2024-ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടത്. ഈ ദിവസത്തിനകം നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 1 ശതമാനം പിഴയോടെ 6 മാസത്തേയ്ക്ക് കൂടി (17.09.2024 വരെ) കാലാവധി നീട്ടാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തെങ്കിലും ULCCS യുമായി സപ്ലിമെന്ററി കരാർ വച്ചിരുന്നില്ല. പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകണമെന്ന് വീണ്ടും ULCCS ആവശ്യപ്പെട്ടിട്ടുണ്ട്. 17.09.2024 ന് പൂർത്തീകരിക്കാത്തതിനാൽ 2 ശതമാനം പിഴ ഈടാക്കി 6 മാസത്തേക്ക് കൂടി കരാർ പുതുക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ULCCS ന്റെതല്ലാത്ത കാരണം കൊണ്ടാണ് കാലപരിധിക്കകം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് എന്നറിയിച്ചിട്ടുണ്ട്. ഷീ വർക്ക് സ്പേസിന്റെ മറ്റ് ഫേസ് കൂടി ചേർത്ത് ആകെ 5.78 കോടി രൂപയുടെ പാർട്ട് ബില്ലുകൾ ULCCS നൽകിയെങ്കിലും അഡ്വാൻസ് തുകയായ 1.67 കോടി രൂപ കൂടാതെ ആകെ 80.00 ലക്ഷം രൂപ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയത്. ഈ സാഹചര്യത്തിൽ പിഴയിൽ

ഇളവു നൽകി പൂർത്തീകരണ തീയതി ദീർഘിപ്പിച്ചുകൊണ്ട് കരാറിൽ ഏർപ്പെടാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി/ഡി.ഇ) വകുപ്പ് |

**4.25 പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.01.2025-ലെ കത്ത്. (SRG/116/25)

വിഷയം:- ഇലക്ട്രിക് സ്കൂട്ടർ ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ യോഗ തീരുമാന പ്രകാരമുള്ള 31.12.2024-ലെ സർക്കാർ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ഉപയോഗത്തിന് നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരം ഇലക്ട്രിക് സ്കൂട്ടർ വാങ്ങാം. സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷനോടെയുള്ള ഇലക്ട്രിക് സ്കൂട്ടർ GEM പോർട്ടലിൽ ലഭ്യമല്ല. എന്നാൽ ഇത് ഓപ്പൺ മാർക്കറ്റിൽ ലഭ്യമാണ്. അതിനാൽ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം:- പൊതു തീരുമാനം ഖണ്ഡിക 3.3 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.26 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും അനുബന്ധരേഖകളും (SRG/1177/24 - CC/124/2024)

വിഷയം:- വ്യായാമത്തിലൂടെ ജീവിത ശൈലീ രോഗ നിയന്ത്രണത്തിനുള്ള പദ്ധതിക്ക് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 42/22 | അടങ്കൽ | 2,40,000 രൂപ |
| *പേര്:-* | ഫിറ്റ്നസ് ഫസ്റ്റ് ജീവിതശൈലീ രോഗ നിയന്ത്രണ വ്യായാമ പദ്ധതി | |

വ്യായാമത്തിലൂടെ സ്ത്രീകളുടെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് 2023-24 വർഷം നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുക്കുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ലെ യോഗം ട്രെയിനറെ നിയമിച്ച് 2023-24 വർഷം പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു. ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്ട് ഈ വർഷവും തുടരുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന യോഗ്യതയുള്ളവരെ നിയമിക്കാനാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയത്. (സ്പോർട്സ് കേരള ഫെഡറേഷനിൽ നിയമിക്കുന്ന യോഗ്യത)

യോഗ്യത :
1) സെക്കന്റ് ക്ലാസ്സിലുള്ള ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയും
2) ജിം ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്/പേഴ്സണൽ ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്
3) സാധുതയുള്ള CPR/ACD ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് അഭികാമ്യം.

പ്രവൃത്തി പരിചയം : ഫിറ്റ്നസ് സെന്ററിൽ ജിം ട്രെയിനർ ആയി ചുരുങ്ങിയത് 2 വർഷം പ്രവൃത്തി പരിചയം

കൺസോളിഡേറ്റഡ് പേ : 24, 520 രൂപ (പ്രതിമാസം)

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ട് 2024-25 ലും തുടർന്നുള്ള വർഷങ്ങളിലും നടത്താൻ അനുമതി സംബന്ധിച്ച്. 2024 ഏപ്രിൽ മുതൽ ഈ പ്രോജക്ട് തുടരുന്നുണ്ട്. 45 വനിതകൾ, 9 പുരുഷൻമാർ, 9 ആൺകുട്ടികൾ എന്നിവർക്കാണ് (ആകെ 63) കഴിഞ്ഞ വർഷം നാലു ബാച്ചുകളിലായി പരിശീലനം നൽകിയത്.

തീരുമാനം:- ഈ വർഷത്തേയ്ക്ക് കൂടി ( 2024-25 വർഷം) ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. അടുത്ത വർഷം ( 2025-26 വർഷം) ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ അധികമായി ട്രെയിനറെ നിയമിക്കാതെ കുറഞ്ഞത് 100 പേർക്കെങ്കിലും പരിശീലനം നൽകണമെന്ന നിബന്ധന കർശനമായി പാലിച്ച് പ്രോജക്ട് തയ്യാറാക്കി അനുമതിയ്ക്കായി നൽകണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.27 <u>ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 2(5) -ാം നമ്പർ തീരുമാനവും (SRG/1179/24 - CC/707/2024)

വിഷയം:- ഹരിത കർമ്മസേനയ്ക്ക് കാറ്ററിംഗ് ഉപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 144/25 | അടങ്കൽ | 6,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്:-* | ഹരിതോജ്ജ്വലം - മാലിന്യ മുക്ത ചെങ്ങന്നൂർ | |

പൊതു ചടങ്ങുകളുമായി ബന്ധപ്പെട്ട കാറ്ററിംഗിന് പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കുന്നതിനും ഹരിത കർമ്മ സേനാംഗങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പ്രോജക്ട്. സ്റ്റീൽ/ക്രോക്കറി പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ, കെറ്റിൽ, ട്രെ, സ്പൂൺ തുടങ്ങിയവ ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകുന്നു. ഹരിത കർമ്മസേന മുഖേന ഇവ വാടകയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കാനും ഹരിത കർമ്മസേനയ്ക്ക് വരുമാനം വർദ്ധിപ്പിക്കാനും ഇതു സഹായകമാകും. ഭാവിയിൽ ചെമ്പ്, ഉരുളി പോലുള്ള കാറ്ററിംഗിന് ആവശ്യമായ സാധനങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു. ഈ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ സൂക്ഷിക്കുന്നു. ശുചിത്വ മേഖലയിലുള്ള ഉദ്യോഗസ്ഥൻ ഇത് മോണിറ്ററിംഗ് ചെയ്യുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**4.28 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.11.2024-ലെ LSGD/DP/491/2024 - PL നമ്പർ കത്തും (SRG/3/25 - CC/785/24)

വിഷയം:- കയർ സഹകരണ സംഘത്തിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 196/25* | *അടങ്കൽ* | *2,80,000 രൂപ* |
| | *വികസന ഫണ്ട് ജനറൽ* | *1,40,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,40,000 രൂപ* |
| *പേര്* | *സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സാമ്പത്തിക സഹായം* | |

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലുള്ള മഹാദേവിക്കാട് പ്രിയദർശിനി മെമ്മോറിയൽ സംയോജിത കയർ വ്യവസായ സഹകരണ സംഘത്തിന് സ്വന്തമായി സ്ഥലമില്ല. ഈ സംഘത്തിന് 4.80 സെന്റ് സ്ഥലം വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. സ്ഥലത്തിന്റെ വിലയായ 7.20 ലക്ഷം രൂപയിൽ പകുതി തുകയായ 3.60 ലക്ഷം രൂപ നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. മാർഗ്ഗരേഖ പ്രകാരം സ്വന്തമായി സ്ഥലമുള്ള സംഘത്തിനാണ് ആധുനികവൽക്കരണത്തിന് ധനസഹായം നൽകാവുന്നത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.29 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.10.2024-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/1180/24 - CC/722/24)

വിഷയം:- പട്ടികവർഗ്ഗ നഗറിലെ വീടും പരിസരവും മണ്ണിട്ടുയർത്തി കാന ശുചീകരിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 129/25* | *അടങ്കൽ* | *22,47,900 രൂപ* |
| | *സി.എഫ്. സി. റ്റൈഡ്* | *21,47,9000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *1,00,000 രൂപ* |
| *പേര്* | *ആമയിട തോപ്പിൽ നഗർ സമഗ്ര വികസനം* | |

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ആമയിട തോപ്പിൽ നഗറിൽ 13 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നു. ഈ നഗറിന്റെ സമീപത്തുകൂടി പോകുന്ന തോപ്പിൽ കോളനി തോടും നഗറിന് നടുവിലൂടെയുള്ള കാനയും മലിനമാണ്. ഈ നഗറിലെ വീടും പരിസരവും മണ്ണിട്ടുയർത്തി കാനയും തോടും ശുചീകരിച്ചാൽ മാത്രമേ നീരൊഴുക്ക് സുഗമമാക്കാൻ കഴിയൂ. വീടും പരിസരവും മണ്ണിട്ടുയർത്തി കാനയും തോടും ശുചീകരിക്കാൻ സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:-
1) ജലസംരക്ഷണവും ശുചീകരണ പ്രവർത്തനവും ആയതിനാൽ സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകുന്നു.
2) മണ്ണിട്ടുയർത്തുമ്പോൾ ജലത്തിന്റെ സുഗമമായ ഒഴുക്ക് ഒരു കാരണവശാലും തടസ്സപ്പെടുത്തരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.30 അടിമാലി ബ്ലോക്ക് ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2024 -ലെ കത്തും അനുബന്ധരേഖകളും (SRG/1183/24 -CC/677/24, SRG/1184/24 -CC/676/24, SRG/1185/24 -CC/678/24 )

വിഷയം:- വിവിധ എയ്ഡഡ് സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

| | | | |
|---|---|---|---|
| (i) | പ്രോ.നം: 87/25 | അടങ്കൽ | 5,00,000 രൂപ (CFC Tied Grant) |
| | പേര് | സെന്റ് ആന്റണീസ് നേഴ്സറി സ്കൂൾ ടോയിലറ്റ് | |
| **(ii)** | പ്രോ.നം: 69/25 | അടങ്കൽ | 5,35,500 രൂപ (CFC Tied Grant) |
| | പേര് | അടിമാലി SNDP സ്കൂൾ ടോയിലറ്റ് | |
| **(iii)** | പ്രോ.നം: 212/25 | അടങ്കൽ | 5,00,000 രൂപ (CFC Tied Grant) |
| | പേര് | തോക്കുപാറ സെന്റ് സെബാസ്റ്റ്യൻ സ്കൂള് ടോയിലറ്റ് | |

മുകളിൽ പറഞ്ഞ എയ്ഡഡ് സ്കൂളിൽ ടോയിലറ്റ് നിർമ്മിക്കാൻ CFC Tied Grant ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മതിയായ ടോയിലറ്റ് സൗകര്യം ഉണ്ട് എന്ന് District Education Officer സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിച്ച നൽകാൻ അനുമതി സംബന്ധിച്ച്. മറ്റു മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ എടുക്കാനുണ്ടെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

തീരുമാനം:- ആവശ്യം നിരസിച്ചു. അടിമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ശുചിത്വം - മാലിന്യ സംസ്കരണവുമായി മറ്റു നിരവധി പരിപാടികൾ ഏറ്റെടുക്കാനുണ്ടെന്ന് ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. അടിമാലി ബ്ലോക്ക് പഞ്ചായത്ത് Plastic Waste Management Unit (PWMU), RRF എന്നിവയ്ക്ക് പ്രോജക്ട് ഏറ്റെടുക്കാനുണ്ടെന്നും ഈ ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ അടിമാലി, ബൈസൻവാലി, കൊന്നത്തടി, പള്ളിവാസൽ, വെള്ളത്തൂവൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ MCF, Mini MCF നിർമ്മാണവുമായി ബന്ധപ്പെട്ട് വിടവുകൾ നികത്താനുണ്ടെന്നും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ടിലുണ്ട്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകാവുന്നതാണെന്നും യോഗം വിലയിരുത്തി. ഒപ്പം അടിമാലിയിലുള്ള ലൈഫ് ഫ്ലാറ്റിലും ശുചിത്വ മാലിന്യ സംസ്കരണ പ്രവൃത്തി നടത്താനുണ്ടെന്ന് ലൈഫ് മിഷൻ അറിയിച്ചിട്ടുണ്ട്.
ഈ സാഹചര്യത്തിൽ ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററും ലൈഫ് മിഷനും അറിയിച്ചിരിക്കുന്ന ശുചിത്വ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഈ വിഹിതം ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**4.31 <u>അടിമാലി ബ്ലോക്ക്പഞ്ചായത്ത്</u>**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2024 -ലെ കത്തും അനുബന്ധരേഖകളും (SRG/60/25 -CC/306/24 )

വിഷയം:- ചെങ്കുളം മേഴ്സി ഹോമിന് ടോയിലറ്റ് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 165/25 | അടങ്കൽ | 12,53,250 രൂപ (CFC Tied Grant) |
| പേര് | ചെങ്കുളം മേഴ്സി ഹോം ടോയിലറ്റ് | |

അടിമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചെങ്കുളം മേഴ്സി ഹോം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പ്രായമായ ആശ്രയമില്ലാത്ത ആളുകളും അനാഥരായ കുട്ടികളുമാണ് ഇവിടെ താമസിക്കുന്നത്. 1987-ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 300 അന്തേവാസികളുണ്ട്.

ഈ സ്ഥാപനത്തിന് സെപ്റ്റിക് ടാങ്കോടെയുള്ള ടോയിലറ്റ് നിർമ്മിച്ച നൽകാൻ അനുമതി സംബന്ധിച്ച്. Board of Central for Orphanages and Other Charitable Homes Kerala ക്ക് കീഴിൽ 811 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് ഇത്.

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**<u>4.32 എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

എറണാകുളം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.01.2025-ലെ കത്ത് (രണ്ടെണ്ണം) (SRG/139/2025 - CC/53/25)

വിഷയം:- ക്ഷീരവികസന വകുപ്പിന്റെ ഗുണനിയന്ത്രണ വിഭാഗത്തിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 1111/25* | *അടങ്കൽ* | *15,00,000 രൂപ* |
| | | *(വികസന ഫണ്ട് ജനറൽ)* |
| *പേര്* | *ക്വാളിറ്റി കൺട്രോൾ ലാബിന് വാഹനം വാങ്ങൽ* | |

പാൽ കർഷകരുടെ വീട്ടിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം മൊബൈൽ ലാബിൽ പരിശോധിച്ച് അതിന്റെ റിപ്പോർട്ടും ക്ഷീര സംഘങ്ങളിൽ പാൽ ശേഖരിച്ച റിപ്പോർട്ടും തമ്മിൽ വ്യത്യാസമുണ്ടോ എന്ന് ക്ഷീര വകുപ്പ് പരിശോധിക്കാറുണ്ട്. ഈ പരിശോധന രാവിലെ 5 മണിയോടെയാണ് നടത്തുന്നത്. ഇതിനായി ക്വാളിറ്റി കൺട്രോൾ ലാബിന് വാഹനം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്. നിലവിലെ വാഹനത്തിന്റെ കാലാവധി 17.02.2025-ന് അവസാനിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം:- ആവശ്യം നിരസിച്ചു. ഗുണനിലവാരം പരിശോധിക്കാൻ വാഹന സൗകര്യമൊരുക്കേണ്ടത് ക്ഷീരവകുപ്പിന്റെ ചുമതലയാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ ( ഡി.ബി) വകുപ്പ് |

**4.33 <u>കുടുംബശ്രീ</u>**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.11.2024 -ലെ 6781/D/2018/KSHO നമ്പർ കത്ത് (SRG/77/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് - കുടുംബശ്രീ എൽ.ഇ.ഡി & സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ യൂണിറ്റുകളിൽ നിന്ന് ടെണ്ടർ കൂടാതെ എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങാനും ഈ യൂണിറ്റുകളെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി ഏൽപ്പിക്കാനും അനുമതി സംബന്ധിച്ച്

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ആരംഭിച്ചിട്ടുള്ള എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് എന്നിവ നടത്തുന്ന 14 യൂണിറ്റുകളിൽ നിന്നും ടെണ്ടർ നടപടി കൂടാതെ എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഏൽപ്പിക്കുന്നതിനും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗം അനുമതി നൽകിയിരുന്നു. ഇതോടൊപ്പം പുതിയതായി കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി താഴെപ്പറയുന്ന എൽ.ഇ.ഡി. ബൾബ് നിർമ്മാണവും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് നടത്തുന്ന യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

| ക്രമ നം | ജില്ല | യൂണിറ്റിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഹരിതം എൽ.ഇ.ഡി. യൂണിറ്റ്, ഒറ്റൂർ |
| 2 | കോട്ടയം | ചിപ്രോ എൽ.ഇ.ഡി. ബൾബ് & ജെ.എൽ.ജി. യൂണിറ്റ്, ചിറക്കടവ് |
| 3 | വയനാട് | ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ.ഇ.ഡി. ബൾബ്സ്, പുൽപ്പള്ളി |
| 4 | തൃശ്ശൂർ | സർക്യൂട്ട് ടെക്നോളജി, പെരിഞ്ഞനം |
| 5 | തൃശ്ശൂർ | മച്ചാട് എൽ.ഇ.ഡി. യൂണിറ്റ് , തെക്കുംകര |
| 6 | തൃശ്ശൂർ | സൂര്യപ്രഭ എൽ.ഇ.ഡി.യൂണിറ്റ് , കാറളം |
| 7 | തൃശ്ശൂർ | ലൂമിനോ എൽ.ഇ.ഡി. യൂണിറ്റ്, ചേലക്കര |
| 8 | ആലപ്പുഴ | സൺറൈസ് എൽ.ഇ.ഡി. യൂണിറ്റ്, തൃക്കുന്നപ്പുഴ |
| 9 | കൊല്ലം | സൺലൈറ്റ് എൽ.ഇ.ഡി. യൂണിറ്റ്, ശൂരനാട് സൗത്ത് |
| 10 | കൊല്ലം | ധവളപ്രഭ എൽ.ഇ.ഡി. യൂണിറ്റ്, കുളത്തൂപ്പുഴ |
| 11 | എറണാകുളം | സൂര്യ എൽ.ഇ.ഡി. യൂണിറ്റ്, രാമമംഗലം |
| 12 | എറണാകുളം | ഡ്രീം ലൈറ്റ് എൽ.ഇ.ഡി. യൂണിറ്റ്, പാലക്കുഴ |
| 13 | എറണാകുളം | തേജസ് എൽ.ഇ.ഡി. യൂണിറ്റ്, കുട്ടമ്പുഴ |
| 14 | കണ്ണൂർ | സുദിനം പ്രോഡക്ട്സ് എൽ.ഇ.ഡി. ബൾബ് അസംബ്ലിംഗ് യൂണിറ്റ്, വടക്കുംമ്പാട് |
| 15 | പാലക്കാട് | ഫ്രീഡം എൽ.ഇ.ഡി. ബൾബ് യൂണിറ്റ് |

ഈ യൂണിറ്റുകളെ സംബന്ധിച്ച് വിവിധ ഗവ.എഞ്ചിനീയറിംഗ് കോളേജുകളിലെ (ചിലത് ഗവ.എഞ്ചിനീയറിംഗ് കോളേജ് അല്ല) ബന്ധപ്പെട്ട വകുപ്പുകളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റേയും ഗുണമേന്മ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അനുമതി നൽകിയ 14 യൂണിറ്റുകൾക്കൊപ്പം മുകളിൽ പറഞ്ഞ യൂണിറ്റുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനും ഈ യൂണിറ്റുകളെ സ്ട്രീറ്റ് റിപ്പയറിംഗ് ഏൽപ്പിക്കുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- 1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ ശുപാർശയിൽ 7 യൂണിറ്റുകൾക്ക് താഴെപ്പറയുന്ന പോരായ്മകളുണ്ട്.

ക്രമ നം. 1) ഹരിതം, എൽ.ഇ.ഡി. യൂണിറ്റ് ഒറ്റൂർ- പരിശോധനാ റിപ്പോർട്ടിൽ ശുപാർശയില്ല.
ക്രമനം. 2) ചിപ്രോ എൽ.ഇ.ഡി. ബൾബ് - സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ നിന്നു ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടാണ്.
ക്രമ നം.9) സൺലൈറ്റ് എൽ.ഇ.ഡി. യൂണിറ്റ് - എയ്ഡഡ് കോളേജിന്റെ (TKM) പരിശോധനാ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്.
ക്രമനം.10) ധവളപ്രഭ എൽ.ഇ.ഡി. യൂണിറ്റ് - പരിശോധനാ റിപ്പോർട്ടിൽ ശുപാർശയില്ല.
ക്രമനം.11) സൂര്യ എൽ.ഇ.ഡി. യൂണിറ്റ് - എയ്ഡഡ് കോളേജിന്റെ (MA കോളേജ് കോതമംഗലം) പരിശോധനാ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്.
ക്രമനം. 12) ഡ്രീം ലൈറ്റ് എൽ.ഇ.ഡി. യൂണിറ്റ്- എയ്ഡഡ് കോളേജിന്റെ (MA കോളേജ് കോതമംഗലം) പരിശോധനാ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്.
ക്രമനം.15) ഫ്രീഡം എൽ.ഇ.ഡി. ബൾബ് യൂണിറ്റ്- റിപ്പോർട്ട് വ്യക്തമല്ല. നൽകിയതിൽ ശുപാർശയില്ല

ഇവയൊഴിച്ച് ബാക്കിയുള്ള 8 എൽ.ഇ.ഡി. യൂണിറ്റുകളിൽ നിന്ന് (ക്രമനം. 3, 4, 5, 6, 7, 8, 13, 14) LED ബൾബ് ടെണ്ടർ കൂടാതെ വാങ്ങാനും തെരുവുവിളക്കുകളുടെ മെയിന്റനൻസ് ടെണ്ടർ കൂടാതെ ഈ യൂണിറ്റുകളെ ഏൽപ്പിക്കാനും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നു.

(ii) ഓരോ യൂണിറ്റിന്റേയും ഉല്പന്നത്തിന്റെ സാമ്പിളിന്റെ ഗുണനിലവാരം സംബന്ധിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയോ മറ്റ സർക്കാർ വകുപ്പിന്റേയോ സാക്ഷ്യപത്രം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പാക്കണം..

(iii) സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ലൈസൻസ് അടക്കമുള്ള നിബന്ധനകളും സർക്കാർ നിർദ്ദേശിച്ച നിരക്കും പാലിക്കണം.

(iv) മുകളിൽ പറഞ്ഞ 8 യൂണിറ്റുകളുടെയും കോഓർഡി നേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗത്തിൽ അനുമതി നൽകിയ 14 യൂണിറ്റുകളുടെയും LED ബൾബുകളുടെ ഗുണനിലവാരം സംബന്ധിച്ച് ഓരോ രണ്ടു വർഷവും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റേയോ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യമുള്ള മറ്റ് സർക്കാർ സ്ഥാപനങ്ങളുടെയോ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി/ഐ.എ) വകുപ്പ് |

**4.34 മുക്കം നഗരസഭ**

കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്തും മുക്കം നഗരസഭാ സെക്രട്ടറിയുടെ 03.12.2024ലെ H1/14656/23-ാം നമ്പർ കത്തും മുക്കം മുനിസിപ്പൽ സെക്രട്ടറിയുടെ 10.02.2025-ലെ H1/14656-ാം നമ്പർ കത്തും (SRG/ 1117/24 - CC/398/24)

വിഷയം:- വിവിധ മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയതിന് സാധൂകരണം സംബന്ധിച്ച്

മുക്കം നഗരസഭ 2023-24 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോ മുഖേന നടപ്പാക്കി. ലിമിറ്റഡ് ടെണ്ടർ/ഓഫർ വിളിക്കാതെ നേരിട്ടാണ് റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചത്. ഈ അപാകത ഉള്ളതിനാൽ ബിൽ തുക നൽകിയില്ല. അതിനാൽ റെയ്ഡ്കോയെ പ്രവൃത്തി ഏൽപ്പിച്ചതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ബിൽ തുക |
|---|---|---|---|---|
| 1 | 55/24 | ബയോഗ്യാസ് പ്ലാന്റ് | 5,06,250 രൂപ<br>(CSS - 1,77,188<br>SSS - 1,77,956<br>ഗുണഭോക്തൃ വിഹിതം - 2,11,106) | 2,24,900 |
| 2 | 71/24 | ബയോബിൻ - ജൈവ മാലിന്യ സംസ്കരണം വീട്ടുവളപ്പിൽ | 7,66,920 രൂപ<br>(CFC - 2,43,114<br>CSS - 2, 68,422<br>SSS - 1,78,692<br>ഗുണഭോക്തൃ വിഹിതം76,692 രൂപ) | 1,75,500 |

| | | | | |
|---|---|---|---|---|
| 3 | 59/24 | റിംഗ് കമ്പോസ്റ്റ് | 9,03,750 രൂപ<br>(CFC – 2,86,488<br>CSS 3,16,313<br>SSS – 2,10,375<br>ഗുണഭോക്തൃ വിഹിതം – 90375 രൂപ) | 7,99,200 |
| 4 | 342/24 | ബയോഗ്യാസ് പ്ലാന്റ് | 16,87,500 രൂപ<br>(വികസന ഫണ്ട് ജനറൽ – 6,48,000<br>CSS 2,00,000 രൂപ<br>SSS – 1,24,000<br>ഗുണഭോക്തൃ വിഹിതം – 7,15,5000) | 3,37,500 |

തീരുമാനം:- ശുചിത്വ മേഖലയിൽ ആണ് എന്നതു പരിഗണിച്ച് ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെ സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**<u>4.35 നീണ്ടൂർ ഗ്രാമപഞ്ചായത്ത്</u>**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2024-ലെ കത്ത് (SRG/ 40/25 – CC /790/24)

വിഷയം:- ഓണം തുരുത്ത് LP സ്കൂളിൽ ടെലസ്കോപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 68/25 | *അടങ്കൽ* | *25,000 രൂപ* |
| | | *നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്* |
| *പേര്* | *ആകാശ കാഴ്ചകൾ - ഓണംതുരുത്ത് LP സ്കൂളിൽ ടെലസ്കോപ്പ് സ്ഥാപിക്കൽ* | |

നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ ഓണംതുരുത്ത് ഗവ.എൽ.പി.സ്കൂളിൽ വാനനിരീക്ഷണ ത്തിന് ടെലസ്കോപ്പ് സ്ഥാപിക്കാനുള്ള പ്രോജക്ടിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- തനത് ഫണ്ട്/അനുവദനീയമായ വികസനഫണ്ട് ഉപയോഗിക്ക ണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**<u>4.36 ഇളമാട് ഗ്രാമപഞ്ചായത്ത്</u>**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.02.2025-ലെ കത്തും ഇളമാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2024-ലെ 2(5)-ാം നമ്പർ തീരുമാനവും. (SRG/178/25 – CC/4/2025)

വിഷയം:- സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ വാട്ടർ പ്യൂരിഫെയർ വാങ്ങി നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 219/25 | അടങ്കൽ | 14,00,000 രൂപ<br>(സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് |
| *പേര്* | *ഇളമാട് ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിക്കൽ* | |

ഇളമാട് ഗ്രാമപഞ്ചായത്തിൽ LPS, UPS കളിൽ കഴിഞ്ഞ വർഷവും ഈ വർഷവുമായി വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിച്ചു. ആർക്കന്നൂർ എയ്ഡഡ് ഹൈസ്കൂൾ കലാകായിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതും സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിക്കുന്നതുമായ സ്കൂളാണ്. ഈ സ്കൂളിൽ കൂടി വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്. അൻപതിലധികം കുട്ടികളുണ്ടെങ്കിൽ 2 പ്യൂരിഫയറും നൂറിലധികം കുട്ടികൾക്ക് 3 പ്യൂരിഫയറും എന്ന രീതിയിലാണ് നൽകുന്നത്.

തീരുമാനം:- പ്രത്യേക അനുമതി നൽകുന്നു. ഇതടക്കം മുൻപ് സ്ഥാപിച്ചിരുന്ന വാട്ടർ പ്യൂരിഫയർ പ്രവർത്തിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും PTAയും ഉറപ്പാക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.37 ബാലരാമപുരം ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2025-ലെ കത്തും ബാലരാമപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.2025-ലെ 400245/HSDC01/GPO/2024/5709(1)നമ്പർ കത്തും (SRG/175/25 - CC/48/2025)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. അശ്വതി, കുളത്തിൻകര, പുള്ളിയിൽ വാർഡ്, പരുത്തിക്കോണം എന്ന വ്യക്തി ലൈഫ് ലിസ്റ്റിൽ 523 ക്രമനമ്പർ ആയി ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ മകൾ കുമാരി മാളവിക 2023 മുതൽ Autoimmune Hepatitis ന് തിരുവനന്തപുരം ശ്രീചിത്രയിൽ ചികിത്സയിലാണ്. പൊടിയും മറ്റ് മാലിന്യങ്ങളും ഇല്ലാത്ത അന്തരീക്ഷം ഈ കുട്ടിക്ക് അത്യാവശ്യമാണ്. ലൈഫ് ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ഈ ക്ലേശഘടകം ഇല്ലാത്ത സാഹചര്യമായിരുന്നു. ഇതു പരിഗണിച്ച് ഈ കുടുംബത്തിന് ആദ്യഘട്ടത്തിൽ തന്നെ വീട് നൽകാൻ അനുമതി സംബന്ധിച്ച്. ചികിത്സ സംബന്ധിച്ച രേഖകൾ നൽകിയിട്ടുണ്ട്.

തീരുമാനം:- ഈ കുട്ടിയുടെ ചികിത്സയ്ക്ക് കൂടി സഹായകരമാണ് ശുചിത്വമുള്ള വീട് എന്നതു പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.38 പള്ളിക്കൽ ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2025-ലെ കത്തും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.02.2025-ലെ SC1/4485/2024-ാം നമ്പർ തീരുമാനവും (SRG/174/25 - CC/68/2025)

വിഷയം:- അതിദരിദ്ര വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 166/25 | അടങ്കൽ | 10,00,000 രൂപ (SCP) |
| *പേര്* | *അതിദരിദ്രർക്കുള്ള വീട് മെയിന്റനൻസ് - SC* | |

പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.രാജൻ , രജനി മന്ദിരം, മൂതല മൂലഭാഗം എന്ന വ്യക്തി അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽപ്പെട്ടതാണ്. ഈ കുടുംബത്തിന് 2020-21 വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്ന് 1.50 ലക്ഷം രൂപ വീടിന്റെ പൂർത്തീകരണത്തിന് ലഭിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് വീടിന്റെ കോൺക്രീറ്റിംഗ് പൂർത്തിയാക്കി. ഇനിയും ഈ വീടിന് മെയിന്റനൻസ് ആവശ്യമുണ്ട്. ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇനി 2.00 ലക്ഷം രൂപ കൂടി വീടിന്റെ അറ്റകുറ്റപ്പണിക്ക് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അതിദരിദ്ര കുടുംബം എന്നത് പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു. ഇനി നൽകുന്ന ധനസഹായം കൃത്യമായി ഉപയോഗിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.39 നൻമണ്ട ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.01.2025-ലെ കത്തും നൻമണ്ട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2024-ലെ 2-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG/81/25 – CC /10/25)

വിഷയം:- ബഡ്സ് സ്കൂളിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 93/25 | *അടങ്കൽ* | *11,50,000 രൂപ* |
| | | *വികസനഫണ്ട് -6,50,000 രൂപ* |
| | | *മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) 5,00,000 രൂപ* |
| *പേര്* | *ബഡ്സ് പുനരധിവാസകേന്ദ്രം പ്രവർത്തനം* | |

നൻമണ്ട ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിന് വാഹനം വാടകയ്ക്കെടുക്കുന്നുണ്ട്. കുട്ടികളെ വീടുകളിലേയ്ക്ക് എത്തിക്കുന്നതിന് വീതി കുറഞ്ഞ വഴി ആയതിനാൽ വലിയ വാഹനം അനുയോജ്യമല്ല. മാർഗ്ഗരേഖ പ്രകാരം ഒരു മാസം 2000 കിലോ മീറ്ററിൽ പരിമിതപ്പെടുത്തി പരമാവധി 36,000 രൂപയാണ് വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുവദനീയമെന്ന് ഗ്രാമപഞ്ചായത്ത് ചൂണ്ടിക്കാണിച്ചിരിക്കുന്നു. ട്രാൻസ്പോർട്ട് വകുപ്പിന്റെ 26.04.2022 –ലെ 14/2022/ TRANS – നമ്പർ ഉത്തരവ് പ്രകാരം 1500 CC യോ അതിനു മുകളിലുള്ള സ്പെസിഫിക്കേഷനുള്ളതും 7 സീറ്റിംഗ് കപ്പാസിറ്റിവരെയുള്ളതുമായ വാഹനത്തിന് 5 കിലോമീറ്റർ വരെ ഓടുന്നതിന് 225 രൂപയും അതിനു മുകളിലുള്ള ഓരോ കിലോമീറ്ററിനും 20 രൂപ വീതവുമാണ് അനുവദനീയമായ നിരക്ക്. ഈ മാനദണ്ഡ പ്രകാരമുള്ള വഹനം വാടകയ്ക്കെടുക്കാൻ അനുമതി സംബന്ധിച്ച്. ഒരു മാസം 40,000 രൂപയാണ് പരമാവധി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

തീരുമാനം :- പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.40 ദേലംപാടി ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.03.2025-ലെ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2025-ലെ 4(1) -ാം നമ്പർ തീരുമാനവും. കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ലെ 4.18-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.07.2023-ലെ 4.54-ാം നമ്പർ തീരുമാനവും. (SRG/203/25 – CC/104/2025)

വിഷയം:- ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 155/25 | അടങ്കൽ | 5,50,000 രൂപ (വികസനഫണ്ട് ജനറൽ – 2,50,000 രൂപ തനത്ഫണ്ട്-3,00,000 രൂപ |
| *പേര്* | *ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം 2023-24* | |

ദേലംപാടി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 18 കുട്ടികൾ തൊട്ടടുത്തുള്ള കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലാണ് പോകുന്നത്. ഈ സ്കൂളിലേയ്ക്ക് പോകുന്നതിന് വാഹനം വാടകയ്ക്കെടുക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ലെ യോഗം അനുമതി നൽകിയിരുന്നു. ഓഫീസ് വാഹനത്തിന് പ്രതിമാസ വാടകയായി 36,000 രൂപയാണ് നൽകാവുന്നതെന്ന നിബന്ധന ബഡ്സ് സ്കൂളിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് ബാധകമല്ലെന്നും ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്നും 16.10.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കിയിരുന്നു. 2023 ആഗസ്റ്റ് മുതൽ ക്വട്ടേഷൻ വിളിച്ച് രണ്ട് വർഷത്തേയ്ക്ക് വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്. കിലോമീറ്ററിന് 34 രൂപയാണ് നിരക്ക്. പ്രതിമാസം 3000 കിലോമീറ്റർ

വാഹനം ഓടുന്നുണ്ട്. വാഹന ഉടമയുടെ മകൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടി ആയതിനാലും ബഡ്സ് സ്കൂളിൽ പോകുന്നതിനാലുമാണ് വാഹനയുടമ നഷ്ടം സഹിച്ച് വാഹനം ഓടിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. 16.10.2024 വരെ നൽകിയ വാടക നിരക്ക് പ്രതിമാസം 36,000 രൂപയാണ്. ക്വട്ടേഷൻ പ്രകാരമുള്ള നിരക്ക് നൽകാൻ 16.10.2024 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലാണ് അനുമതി ലഭിച്ചത്. എന്നാൽ 2023 ആഗസ്റ്റ് മുതൽ ഇത് പ്രാബല്യത്തിലാക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച് പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്.
2) ഇപ്പോൾ എടുത്തിരിക്കുന്ന വാഹനത്തിന് 2023- ആഗസ്റ്റിൽ കരാർ പ്രകാരമുള്ള വാടക നിശ്ചയിച്ച് കുടിശ്ശിക നൽകാൻ പ്രത്യേക അനുമതി നൽകുന്നു.
3) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതൽ ഉണ്ട് എങ്കിൽ ഇവിടെ ബഡ്സ് സ്കൂൾ ആരംഭിക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് 03.07.2023-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

## 4.41 പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2025-ലെ കത്തുകളും (2എണ്ണം) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.12.2024-ലെ V(1)-ാം നമ്പർ തീരുമാനവും (SRG/51/25 - CC/801/24)

വിഷയം:- RRF കെട്ടിടത്തിന്റെ ചുറ്റുമതിലും അനുബന്ധ പ്രവർത്തനത്തിനുമുള്ള വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 209/25* | *അടങ്കൽ* | *32,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| *പേര്* | RRF കെട്ടിടത്തിന് ചുറ്റുമതിലും അനുബന്ധ നവീകരണ പ്രവൃത്തികളും | |

ബ്ലോക്ക് പഞ്ചായത്തിന്റെ RRF കെട്ടിടത്തിന്റെ അനുബന്ധ പ്രവൃത്തികൾക്കായി 84.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായി 32.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം 52.85 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്ന് ഉൾപ്പെടുത്തുമെന്നറിയിച്ചിട്ടുണ്ട്. ഈ വർഷത്തെ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് RRF കെട്ടിടത്തിന്റെ ചുറ്റു മതിലിന് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. RRF നിർമ്മാണത്തിനും മറ്റും ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടം ആവശ്യമാണെന്നറിയിച്ചിരിക്കുന്നു. ഈ പ്രവൃത്തി ക്ലീൻ കേരള കമ്പനി മുഖേന തുക ഡെപ്പോസിറ്റ് ചെയ്തു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- RRF കെട്ടിടത്തിന്റെ ചുറ്റുമതിലിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് അടക്കമുള്ള അനുവദനീയമായ മറ്റു വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 4.42 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2–ാം വാർഡ് മെമ്പറുടെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024–ലെ 4.1–ാം നമ്പർ യോഗ തീരുമാനവും (SRG/245/25)

വിഷയം:– ജലവിഭവ വകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണനകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച്

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണനകേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് നിബന്ധനകളോടെ വിപണനകേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകിയിരുന്നു. വിപണകേന്ദ്രം നിർമ്മിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023, 22.01.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിച്ചിരുന്നു. ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിരുന്നു. 9,29,405 രൂപ വകയിരുത്തി കോൺക്രീറ്റ് കെട്ടിടമാണ് വനിതാ വിപണകേന്ദ്രത്തിന് നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. എല്ലാ നിർമ്മാണവും താൽക്കാലികമായി മാത്രമേ പരിഗണിക്കൂ എന്ന് ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്ഥലം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയാൽ മാത്രമേ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023–ലെ യോഗം അനുമതി നിരസിച്ചിരുന്നു. എന്നാൽ ഇത് പുനപരിശോധിച്ച് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് വീണ്ടും ആവശ്യപ്പെട്ടു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.1.2024–ലെ യോഗം പരിഗണിച്ചു. വിപണനകേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകണമെന്ന നിബന്ധനയോടെ മാത്രം കെട്ടിടം നിർമ്മിക്കാനാണ് അനുമതി നൽകിയത്. ഒപ്പം ബ്ലോക്ക് പഞ്ചായത്തിൽ RRF ഇല്ലായെങ്കിൽ ബാക്കി ലഭ്യമായ സ്ഥലത്ത് RRF നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടിയെടുക്കണമെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതിനു മുമ്പും ജലസേചന വകുപ്പിന്റെ സ്ഥലത്ത് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെന്ന് ഡിവിഷൻ മെമ്പർ കത്തിലൂടെ അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നടപ്പാക്കാനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ വിപണനകേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :–

1) കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024–ലെ യോഗ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഒപ്പം 22.01.2024 –ലെ കോഓർഡിനഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചതുപോലെ ബ്ലോക്ക് പഞ്ചായത്തിൽ RRF ഇല്ലായെങ്കിൽ ബാക്കി ലഭ്യമായ സ്ഥലത്ത് RRF നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കണം.
2) കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ചോദിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ് |

## 4.43 ആരക്കുഴ ഗ്രാമപഞ്ചായത്ത്

MGNREGS മിഷൻ ഡയറക്ടറുടെ 13.01.2025–ലെ NREGA/303/2023/A4 നമ്പർ കത്തും ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.12.2024–ലെ SC1–421/24–ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/261/25 , LSGD/DD2/14/2025/LSGD)

വിഷയം:- എറണാകുളം ജില്ലയിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിൽ MGNREGS പദ്ധതിയിൽ ഏറ്റെടുത്ത റോഡ് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ആരക്കുഴ ഗ്രാമപഞ്ചായത്തിൽ കടുക്കാസിറ്റി തൃക്കാരക്കുന്നേൽ റോഡ് കോൺക്രീറ്റിംഗ്, മാറ്റാപ്പിള്ളി മലമാളിയകത്തടം തൊണ്ട് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ 2020-21 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾ ശ്രീ. പി.കെ. ശിവൻ, പുന്നക്കുഴിയിൽ വീട്, ശ്രീ. എ.കെ. വാസുദേവൻ, ആരാശ്ശേരിൽ എന്നിവരാണ് നൽകിയത്. ഈ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ മസ്റ്റർ റോൾ എടുക്കാത്തതിനാൽ കരാറുകാരന് മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ തുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന് കരാറുകാരൻ ബഹു. MGNREGS ഓംബുഡ്സ് മാന് പരാതി നൽകി. ശ്രീ.എം.കെ. വാസുദേവന് 2,95,950 രൂപയും ശ്രീ ശിവന് 4,20,473 രൂപയുമാണ് കരാർ പ്രകാരം ലഭിക്കേണ്ടത്. ഈ തുക 31.03.2023-നകം MGNREGS ഫണ്ടിൽ നിന്നോ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ യുക്തമായ മറ്റ് സ്രോതസ്സിൽ നിന്നോ നൽകാൻ ബഹു.ഓംബുഡ്സ്മാൻ 13.03.2023-ൽ ഉത്തരവായി. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കാനും ഉത്തരവായിട്ടുണ്ട്. തുക കിട്ടാൻ കാലതാമസമുണ്ടായതിനാൽ മുകളിൽ പറഞ്ഞ കാരാറുകാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഒപ്പം ഗ്രാമപഞ്ചായത്ത് അപ്പീലും നൽകി. ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവ് പ്രകാരമുള്ള തുക പരാതിക്കാർക്ക് 3 മാസത്തിനകം നൽകാൻ ബഹു. ഹൈക്കോടതി 13.11.2024-ന് WP(C)Nos.13280, 13331,26029 of 2024 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടില്ലാത്തതിനാൽ MGNREGS ൽ നിന്ന് ഈ തുക നൽകണമെന്ന് ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി MGNREGS മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. MGNREGS ന്റെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവൃത്തികൾ ചെയ്തതെന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് തുക നൽകാൻ കഴിയില്ലെന്നും ഈ തുക ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകണമെന്നും മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. ഈ വിഹിതം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നു നൽകണമെന്ന മിഷൻ ഡയറക്ടറുടെ ആവശ്യം സംബന്ധിച്ച്

തീരുമാനം :-
1) ഗ്രാമപഞ്ചായത്തിന്റെ 01.03.2025 ലെ തനത് ഫണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 55,37,392 രൂപ ഗ്രാമപഞ്ചായത്തിന് 2024-25 വർഷം മിച്ചമുണ്ട്. അതിനാൽ ഈ തുക തനത് ഫണ്ടിൽ നിന്ന് നൽകാൻ നിർദ്ദേശം നൽകുന്നു.
2) തനത് ഫണ്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.12.2024 -ൽ തെറ്റായി അറിയിച്ചത് വീഴ്ചയാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആരായാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ പ്രവൃത്തിയുടെ നിർവഹണ ഘട്ടത്തിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ് |

യോഗം ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് അവസാനിച്ചു

**അനുബന്ധം**

**യോഗത്തിൽ പങ്കെടുത്തവർ**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
4. സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക്സ് അഫയേഴ്സ് വകുപ്പ്(പ്രതിനിധി)
5. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
6. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
14. ചീഫ് ടൗൺ പ്ലാനർ
15. ഡയറക്ടർ, MGNREGS(പ്രതിനിധി)
16. ഡയറക്ടർ, കൃഷി വകുപ്പ് (പ്രതിനിധി)
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
18. ഡയറക്ടർ, ക്ലീൻ കേരള കമ്പനി
19. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE (പ്രതിനിധി)
20. ട്രാൻസ് പോർട്ട് കമ്മീഷണർ (പ്രതിനിധി)
21. ഡയറക്ടർ, പട്ടികജാതി വകുപ്പ് (പ്രതിനിധി)
22. ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ് ( പ്രതിനിധി)